03
2026 ജൂൺ
ബുധൻ
ഇടവം 20

NAUTICAL TIMES
KERALA
The National Daily in Malayalam / English

നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 112 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-112 പേജ് 4. വില 2.00 രൂപ

02 ▶ ഓപ്പറേഷൻ തൂഫാൻ' പദ്ധതിക്ക് തുടക്കമായി

03 ▶ സംസ്ഥാന ധനക്കമ്മീഷൻ ഗവർണർക്ക് റിപ്പോർട്ട് സമർപ്പിച്ചു

04 ▶ അടിയന്തര പ്രമേയ നോട്ടീസിൽ മുഖ്യമന്ത്രിയുടെ മറുപടി; വർദ്ധനവിന്റെ അനിശ്ചിതത്വം കഴിഞ്ഞു തീരുമാനിക്കാം

എൽസാ 3: മാലിന്യം നീക്കം ചെയ്യാൻ നടപടി

തിരുവനന്തപുരം : MSC Elsa-3 കപ്പൽ അപകടത്തെ തുടർന്ന് തീരത്തും കടലിലുമായി വ്യാപകമായി അടിഞ്ഞു കൂടിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി ജില്ലാ ഭരണകൂടവും കപ്പൽ കമ്പനിയും നടപടികൾ ആരംഭിച്ചതിനെ സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സ്വാഗതം ചെയ്തു.

ഈ വിഷയത്തിൽ ഫെഡറേഷൻ നേരത്തെ ശക്തമായി പ്രതികരിക്കുകയും അടിയന്തര ശുചീകരണ നടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. നിലവിൽ ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും അത് നാമമാത്ര നടപടിയായി മാറരുതെന്നും, തീരത്തും കടലിലുമുള്ള മുഴുവൻ പ്ലാസ്റ്റിക് കണങ്ങളും ശാസ്ത്രീയമായി പൂർണമായും നീക്കം ചെയ്യണമെന്നും ഫെഡറേഷൻ ആവശ്യപ്പെട്ടു.

കോവളം ഉൾപ്പെടെയുള്ള വിവിധ കടപ്പുറങ്ങളിലും സമീപ തീരപ്രദേശങ്ങളിലുമായി ഇപ്പോഴും ധാരാളം പ്ലാസ്റ്റിക് കണങ്ങൾ അടിഞ്ഞുകിടക്കുന്നതായി ഫെഡറേഷൻ ചൂണ്ടിക്കാട്ടി. ഈ മൈക്രോ പ്ലാസ്റ്റിക് കണങ്ങൾ കടൽ ജീവികൾ ഭക്ഷണമെന്നു തെറ്റിദ്ധരിച്ചു വിഴുങ്ങുന്നതിനും മത്സ്യസമ്പത്തിനും കടൽ ആവാസവ്യവസ്ഥയ്ക്കും ഗുരുതര ഭീഷണിയാകുന്നതായും സംഘടന മുന്നറിയിപ്പ് നൽകി.

പ്ലാസ്റ്റിക് മലിനീകരണം വർധിക്കുന്നത് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെയും തീരദേശ ജനതയുടെ ആരോഗ്യത്തെയും ശുചിത്വത്തെയും പ്രതികൂലമായി ബാധിക്കുമെന്നും നേതാക്കൾ അഭിപ്രായപ്പെട്ടു. ചെറിയ കുട്ടികൾ പ്ലാസ്റ്റിക് കണങ്ങൾ എടുത്ത് കളിക്കുന്നതും വായിൽ ഇടാൻ ശ്രമ ഛലീശിഴുന്നതും അതീവ അപകടകരമാണെന്നും ഫെഡറേഷൻ മുന്നറിയിപ്പ് നൽകി.

കടലിന്റെ സ്വഭാവവും തീരത്തിന്റെ ഒഴുക്കും നന്നായി അറിയുന്ന മത്സ്യത്തൊഴിലാളികളെ തന്നെ ശുചീകരണ

പ്രവർത്തനങ്ങളിൽ കൂടുതൽ ഉൾപ്പെടുത്തണമെന്നും സംഘടന ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് പി. സ്റ്റെല്ലസും സംസ്ഥാന ചീഫ് കോർഡിനേറ്റർ ഡോ. എഫ്. എം. ലാസറും സംയുക്തമായി പ്രസ്താവനയിൽ അറിയിച്ചു.

നീറ്റ് യുജി പുനഃപരീക്ഷ: സുപ്രധാന ഹർജി സുപ്രീം കോടതി തള്ളി; പരീക്ഷ മുൻ നിശ്ചയിച്ച പ്രകാരം നടക്കും

ന്യൂഡൽഹി: നീറ്റ് യുജി ചോദ്യപേപ്പർ ചോർച്ചയെത്തുടർന്ന് ജൂൺ 21-ലേക്ക് മാറ്റിവെച്ച പുനഃപരീക്ഷ കമ്പ്യൂട്ടർ അധിഷ്ഠിതമായി നടത്തണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച സുപ്രധാന ഹർജി സുപ്രീംകോടതി തള്ളി. ഇതോടെ മുൻ നിശ്ചയിച്ച പ്രകാരം പരമ്പരാഗതമായ 'പെൻ ആൻഡ് പേപ്പർ' (ഓഫ്‌ലൈൻ) രീതിയിൽ തന്നെയാകും പരീക്ഷ നടക്കുകയെന്ന് വ്യക്തമായി.

ആർജെഡി എം.പി സുധാകർ സിംഗ് ഉൾപ്പെടെയുള്ളവർ സമർപ്പിച്ച ഹർജിയാണ് ജസ്റ്റിസുമാരായ പി.എസ്. നരസിംഹ, അരവിന്ദ് കുമാർ എന്നിവരടങ്ങിയ ബെഞ്ച് തള്ളിയത്.

നിലവിൽ ചോദ്യപേപ്പർ ചോർച്ചാ വിവാദത്തെ തുടർന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി വലിയ സമ്മർദത്തിലാണെന്നും, അവസാന നിമിഷം പരീക്ഷാ രീതി മാറ്റുന്നത് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്നും കോടതി നിരീക്ഷിച്ചു.

ഇത്തരം ഹർജികൾ മുൻപും തള്ളിയിട്ടുള്ളതാണെന്ന് വ്യക്തമാക്കിയ കോടതി, വിഷയം വേനലവധിക്ക് ശേഷം ജൂലൈയിൽ വിശദമായി പരിഗണിക്കാനായി മാറ്റിവെച്ചു. മേയ് മൂന്നിന് നടന്ന ആദ്യ പരീക്ഷ ക്രമക്കേടുകളെ തുടർന്ന് റദ്ദാക്കിയിരുന്നു.

രാജീവ് ചന്ദ്രശേഖർ MLAയുടെ പിറന്നാൾ, നേമത്ത് സേവന പ്രവർത്തനങ്ങൾ നടത്തി സംഘടനകൾ

തിരുവനന്തപുരം: നേമം MLA രാജീവ് ചന്ദ്രശേഖറിന്റെ പിറന്നാൾ ദിവസമായ ഞായറാഴ്ച നേമത്തെ വിവിധ സംഘടനകളുടെയും, യുവ ജനങ്ങളുടെയും ആഭിമുഖ്യത്തിൽ നേമം നിയോജക മണ്ഡലത്തിൽ സേവന പ്രവർത്തനങ്ങൾ നടത്തി.

നിർധനരായ കിടപ്പ് രോഗികൾക്കും, തുടർ ചികിത്സകൾക്ക് വിധേയം ആയി വരുന്നവർക്കും, ഡയാലിസിസ് ചെയ്തു വരുന്ന രോഗികൾക്കും ഭഷ്യ കിറ്റുകൾ വീടുകളിലെത്തിച്ചും, നടക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് വാക്കിംഗ് സ്റ്റിക്കും,വീൽ ചെയറും അടക്കമുള്ള ഉപകരണങ്ങളും നല്കിയും നേമം മണ്ഡലത്തിലെ വൃദ്ധ സദനങ്ങളിലും, അനാഥാലയങ്ങളിലും സദ്യ വിളമ്പിയുമായിരുന്നു നേമം ങഘഅ രാജീവ് ചന്ദ്രശേഖറിന്റെ പിറന്നാൾ ദിന ആഘോഷം നടന്നത്. നേമത്തെ എല്ലാ വാർഡുകളിലുമായി നടന്ന സേവന പ്രവർത്തനത്തിന് സമൂഹത്തിലെ വിവിധ മേഘലകളിൽ നിന്നുള്ള വ്യക്തികൾ ഭാഗമായി.വാർഡ് തലങ്ങളിലെ പ്രമുഖ വ്യക്തിത്വങ്ങളും, വാർഡ് കൗൺസിലർമാരും പങ്കെടുത്ത സേവന പ്രവർത്തനങ്ങൾനഗരസഭാ ഡെപ്യൂട്ടി മേയർ ആശാനാഥ്, നഗരസഭാ പൊതുമരാമത്ത് ചെയർപേഴ്സൺ മഞ്ജു ജി എസ്സ്, ബിജെപി നേതാക്കളായ കോളിയൂർ രാജേഷ്,നേമം രാജേഷ് എന്നിവരാണ് ഏകോപിച്ച് നേതൃത്വം നല്കിയത്.

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ ഭരണസമിതി അംഗങ്ങൾക്ക് പരിശീലനം

കേരള സംസ്ഥാന സഹകരണ നിയമം 1969-ലെ ചട്ടം 50 അ പ്രകാരം മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ഭരണസമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഒരു വർഷത്തിനുള്ളിൽ അംഗീകൃത പരിശീലന പരിപാടിയിൽ പങ്കെടുക്കണമെന്ന് മത്സ്യഫെഡ് അറിയിച്ചു.

സംസ്ഥാന സഹകരണ യൂണിയൻ, സംസ്ഥാന കൃഷി സഹകരണ പരിശീലന കേന്ദ്രം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്നിവ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ ഭരണസമിതി അംഗങ്ങൾ പങ്കെടുക്കണം.

കൂടുതൽവിവരങ്ങൾക്ക്: www.matsyafed.in.

അടഞ്ഞുകിടന്ന സെക്രട്ടറിയേറ്റ് കവാടങ്ങൾ ജനങ്ങൾക്കായി തുറന്നുകൊടുത്തു: എം. വിൻസന്റ് എംഎൽഎ വിഴിഞ്ഞം

തിരുവനന്തപുരം: 'കപ്പൽ ആടി ഉലയുകയും മുങ്ങുകയും ചെയ്തു. കപ്പിത്താൻ മാത്രമാണ് രക്ഷപ്പെട്ടത്; മറ്റാരുണ്ടെന്ന ചോദ്യത്തിന് ഞങ്ങൾക്ക് യുഡിഎഫ് ഉണ്ട് എന്ന് ജനങ്ങൾ മറുപടി നൽകി'; എം വിൻസെന്റ് എംഎൽഎ മറ്റാരുണ്ടെന്ന അഹങ്കാരം നിറഞ്ഞ ചോദ്യത്തിന് ഞങ്ങൾക്ക് യുഡിഎഫ് ഉണ്ട് എന്ന് ജനങ്ങൾ മറുപടി നൽകിയെന്ന് എം വിൻസെന്റ് എംഎൽഎ നിയമസഭയിൽ. കപ്പൽ ആടി ഉലയുക മുങ്ങുകയും ചെയ്തു. മാത്രമല്ല കപ്പിത്താൻ മാത്രമാണ് രക്ഷപ്പെട്ടത്. 100 സീറ്റ് കിട്ടുമെന്ന് വിഡി സതീശൻ പറഞ്ഞപ്പോൾ പരിഹസിച്ച പലരും ഇന്ന് സഭയിൽ ഇല്ല.

കോട്ടകളെല്ലാം നിങ്ങളുടെ പ്രവർത്തനങ്ങൾ തകർന്നു വീണു. ഘടകകക്ഷികളിൽ എത്രപേർ സഭയിലുണ്ട്?. കേവലം മൂന്ന് ഘടകകക്ഷികൾ മാത്രമായി എൽഡിഎഫ് ചുരുങ്ങി. കേരള കോൺഗ്രസിന് പരാജയത്തിൽ കെഎം മാണി സന്തോഷിക്കുന്നു. ജോർജ് സാർ ഇപ്പോഴും ജോർജ് സാർ തന്നെയാണ്. നിങ്ങൾ ഒന്നും തിരുത്താൻ പോകുന്നില്ലെന്നും അദ്ദേഹം വിമർശിച്ചു. അടഞ്ഞുകിടന്ന സെക്രട്ടറിയേറ്റ് കവാടങ്ങൾ ജനങ്ങൾക്കായി തുറന്നുകൊടുത്തു. ചോദ്യങ്ങൾ ചോദിച്ചപ്പോൾ വീട്ടിൽ പോയി ചോദിക്കാൻ പറഞ്ഞവരെ വീട്ടിലിരുത്തി. നവകേരള ആക്രമണം; നിങ്ങൾ ആസ്വദിച്ചു. ഇപ്പോഴും പിണറായി വിജയൻറെ മാനസികാവസ്ഥ മാറിയില്ല. കേരളത്തിൻറെ മുന്നോട്ടുള്ള കുതിപ്പിന് അടിവരയിടുന്ന നയപ്രഖ്യാപനമാണ് യുഡിഎഫിന്റേത്. വികസനം എന്നാൽ ജീവിതത്തെ സ്പർശിക്കുന്നതായിരിക്കണം. മഞ്ഞക്കുറ്റിയടിച്ച് ജനജീവിതം ദുസഹം ആക്കുന്നതല്ല വികസനമെന്നും എം വിൻസെന്റ് കൂട്ടിച്ചേർത്തു.

മഞ്ഞകുറ്റിയിൽ ഒരടി മുന്നോട്ട് വെച്ചതു കൊണ്ടാണ് രണ്ടടി പുറകോട്ട് വയ്ക്കേണ്ടി വന്നത്: ജി.സുധാകരൻ

തിരുവനന്തപുരം: കഴിഞ്ഞ സർക്കാർ മഞ്ഞകുറ്റിയിൽ ഒരടി മുന്നോട്ട് വെച്ചതു കൊണ്ടാണ് രണ്ടടി പുറകോട്ട് വയ്ക്കേണ്ടി വന്നതെന്ന് ജി.സുധാകരൻ. സജി ചെറിയാൻറെ നാട്ടിൽ അടുക്കളയിൽ വരെ മഞ്ഞ കുറ്റിയിട്ടു. അന്നേ തിരിച്ചടി ഓർമിപ്പിച്ചിരുന്നുവെന്നും സുധാകരൻ നിയമസഭയിൽ പറഞ്ഞു.

നവകേരളം, നവോത്ഥാന കേരളം എന്ന് പറഞ്ഞിട്ട് കാര്യമില്ല .സാംസ്കാരിക നായകർ കാലുനക്കികളാണ്. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ വായിച്ച എത്ര പേരുണ്ട്. ധനസ്ഥിതി ധവളപത്രം ഇറക്കണമെന്നും അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രി സുസ്മേര വദനനാണ്. സർക്കാരിനെ കുറിച്ച് തുടക്കത്തിൽ നല്ല അഭിപ്രായമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതേസമയം സഭയിൽ സംസാരിച്ചപ്പോൾ കൈയടിച്ച അംഗങ്ങളെ സുധാകരൻ വിലക്കി. താൻ സ്വതന്ത്ര എംഎൽഎ ആണെന്നും അദ്ദേഹം ഭരണപക്ഷ അംഗങ്ങളെ ഓർമിപ്പിച്ചു.

പട്ടം എസ് യു ടി ആശുപത്രിയിൽ അത്യാധുനിക ലിവർ ക്ലിനിക് ആരംഭിച്ചു

തിരുവനന്തപുരം: പട്ടം എസ് യു ടി ആശുപത്രിയിൽ ചെന്നൈയിൽ നിന്നുള്ള ലോകപ്രശസ്തനായ ഹെപ്പറ്റോളജിസ്റ്റ് ഡോ. ജോയ് വർഗ്ഗീസിന്റെ നേതൃത്വത്തിൽ മെയ് 28ന് അത്യാധുനിക ലിവർ ക്ലിനിക് ആരംഭിച്ചു. ആശുപത്രിയുടെ സിഇഒ യും എംഡി യുമായ കേണൽ രാജീവ് മണ്ണാളി ക്ലിനിക്കിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. രോഗികൾക്ക് അത്യാധുനിക ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുന്നതിലുള്ള ആശുപത്രിയുടെ പ്രതിബദ്ധതയുടെ ഭാഗമായാണ് പുതിയ ലിവർ ക്ലിനിക് ആരംഭിച്ചതെന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ഡോ. എം. ഉണ്ണികൃഷ്ണൻ (എച്ച്.ഒ.ഡി. & സീനിയർ കൺസൾട്ടന്റ്, വാസ്കുലർ സർജറി), ഡോ. രഞ്ജിത് ഹരി വി (സീനിയർ കൺസൾട്ടന്റ്, സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി), ഡോ. സുഭാഷ് ആർ (സീനിയർ കൺസൾട്ടന്റ്, സർജിക്കൽ ഗ്യാസ്ട്രോഎൻട്രോളജി), ഡോ. ലക്ഷ്മി സി.പി (സീനിയർ കൺസൾട്ടന്റ്, മെഡിക്കൽ ഗ്യാസ്ട്രോഎൻട്രോളജി), ഡോ. ജാനറ്റ് ഇന്ദു ലില്ലി റസലാം (സീനിയർ കൺസൾട്ടന്റ്, മെഡിക്കൽ ഗ്യാസ്ട്രോഎൻട്രോളജി) എന്നിവർ ആശംസകൾ അർപ്പിച്ചു.

ഡോ. രാജശേഖരൻ നായർ വി (മെഡിക്കൽ സൂപ്രണ്ട് & എച്ച്.ഒ.ഡി., ഒബ്സ്റ്റ്രിക്സ് ആൻഡ് ഗൈനക്കോളജി) ചടങ്ങിൽ നന്ദി പ്രസംഗം നടത്തി. ആധുനിക രോഗനിർണയചികിത്സാ സംവിധാനങ്ങളോടുകൂടി കരൾ രോഗങ്ങൾക്കായുള്ള സമഗ്ര ചികിത്സാ സേവനങ്ങളാണ് ക്ലിനിക്കിലൂടെ ലഭ്യമാക്കുന്നത്. ഫാറ്റി ലിവർ, ഹെപ്പറ്റൈറ്റിസ്, സിറോസിസ് ഉൾപ്പെടെയുള്ള വിവിധ കരൾരോഗങ്ങൾക്കും സങ്കീർണ കരൾ രോഗങ്ങളുടെ പരിശോധനയും ചികിത്സയും ക്ലിനിക്കിൽ ലഭ്യമാണ്.

അടിയന്തര പ്രമേയ നോട്ടീസിൽ മുഖ്യമന്ത്രിയുടെ മറുപടി; വർദ്ധനവിന്റെ അനിശ്ചിതത്വം കഴിഞ്ഞു തീരുമാനിക്കാം

അടിയന്തര പ്രമേയ നോട്ടീസിൽ പറഞ്ഞിരിക്കുന്ന കുറെ ഭാഗികമായി ശരിയാണ്. കാരണം പെട്രോളിയം ഉൽപന്നങ്ങളുടെ വില വർധനവും വാണിജ്യ, ഗാർഹിക പാചകവാതകത്തിന്റെ വില വർധനവും നിത്യോപയോഗ സാധനങ്ങളുടെ വില വർധിപ്പിക്കുകയും നാണ്യപ്പെരുപ്പം വർധിപ്പിക്കുകയും ചെയ്യാനുള്ള സാധ്യത വർധിച്ചിരിക്കുകയാണ്. ഗൾഫ് യുദ്ധത്തിന്റെ കൂടി പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ നിരന്തരമായി പെട്രോൾ-ഡീസൽ വിലയും പാചകവാതക വിലയും വർധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. പെട്രോൾ-ഡീസൽ വില ഒന്നോ രണ്ടോ തവണയല്ല അല്ല കൂട്ടുന്നത്, വർധിപ്പിച്ചുകൊണ്ടേയിരിക്കുകയാണ്. മേയ് 15 മുതൽ നാല് തവണയാണ് വില കൂട്ടിയത്. മേയ് 15, 19, 23, 25 എന്നീ തീയതികളിലും വില വർധിപ്പിച്ചു. എപ്പോൾ വേണമെങ്കിലും വില വർധനവുണ്ടാകുമെന്ന റിപ്പോർട്ടുകളാണ് പുറത്തു വരുന്നത്. ഇക്കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുകയാണ്. അതിനാൽ വില വർധന ഉണ്ടാക്കുന്ന ആഘാതം പരിശോധിച്ച ശേഷമെ സർക്കാരിന് നടപടി സ്വീകരിക്കാനാകൂ. ഏതെല്ലാം തരത്തിൽ നികുതി വരുമാന വർധനവുണ്ടായിട്ടുണ്ട്; ഏതെല്ലാം തരത്തിലുള്ള സാമൂഹിക-സാമ്പത്തിക പ്രത്യാഘാതങ്ങൾ നമ്മുടെ സൊസൈറ്റിയിൽ/ഇക്കോണമിയിലുണ്ടായിട്ടുണ്ട്; നാണ്യപ്പെരുപ്പം എത്രമാത്രം ബാധിച്ചിട്ടുണ്ട്; വിലക്കയറ്റം എത്ര മാത്രം വർധിച്ചിട്ടുണ്ട്; ആ വിലക്കയറ്റത്തെ നിയന്ത്രിക്കാൻ ഏതെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്നുള്ള കാര്യങ്ങൾ തീരുമാനിക്കണമെങ്കിൽ ഈ അനിശ്ചിതത്വം അവസാനിക്കണം. അതിനാൽ കുറച്ചുദിവസങ്ങൾകൂടി കാത്തിരുന്നതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച ഒരു തീരുമാനം സർക്കാരിന് എടുക്കാൻ സാധിക്കൂ.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇന്ധന നികുതി വർധിച്ചപ്പോൾ വില കുറയ്ക്കണമെന്ന് അന്നത്തെ പ്രതിപക്ഷം ആവശ്യപ്പെട്ടിട്ടുണ്ട്. നികുതി മുഴുവൻ ഒഴിവാക്കണമെന്നല്ല പറഞ്ഞത്, ഒരു സർക്കാരിനും അതിന് കഴിയില്ല. സംസ്ഥാനത്തിന് അധികമായി ലഭിച്ച വരുമാനത്തിലെ ഒരു ഭാഗം ഉപയോഗിച്ച് ഈ വില വർധനവുമൂലം ഏറ്റവുമധികം ദുരിതമനുഭവിക്കുന്ന ഓട്ടോറിക്ഷ ഡ്രൈവർമാർക്കും ടാക്സി ഡ്രൈവർമാർക്കും ഏതെങ്കിലും ഇളവ് നൽകാൻ കഴിയുമോയെന്ന് പരിരിശോധിക്കണമെന്നാണ് അന്ന് സർക്കാരിനോട് ആവശ്യപ്പെട്ടത്. ഉമ്മൻ ചാണ്ടി സർക്കാർ പെട്രോളിന് നാല് തവണയും ഡീസലിന് രണ്ടുതവണയും അധികനികുതി വരുമാനം ഉപേക്ഷിച്ചിട്ടുണ്ട്. ഇതിലൂടെ പെട്രോളിൽനിന്നും 375.75 കോടി രൂപയും ഡീസലിൽനിന്നും 243.42 കോടി രൂപയും 2011മുതൽ 2016 വരെയുള്ള സർക്കാർ വേണ്ടെന്നുവച്ചു. അതായത് മൊത്തം 619 കോടി രൂപ വേണ്ടെന്ന് വച്ചു. ആ പശ്ചാത്തലത്തിലാണ് പിന്നീട് വന്ന സർക്കാരിന്റെ കാലത്ത് 2016 മുതൽ 2025 ജനുവരി 31-വരെ ഈ ഡീസൽ, പെട്രോളിന്റെ വില വർധനവിന്റെ ഭാഗമായി, അതായത്, ഡീസൽ ഇനത്തിൽ 1617 കോടി രൂപയും പെട്രോൾ ഇനത്തിൽ 1466 കോടി രൂപയും ഉൾപ്പെടെ കഴിഞ്ഞ സർക്കാരിന് 3100 കോടി രൂപയുടെ അധികവരുമാനമുണ്ടായിട്ടുണ്ട്. എന്നിട്ടും ഒരു രൂപ കുറച്ചിട്ടില്ല. അധിക നികുതിവരുമാനമുണ്ടായപ്പോൾ അതിൽ നിന്നും ഒരു തുക എടുത്ത് ടാക്സി ഡ്രൈവർമാരെയും ഓട്ടോറിക്ഷ ഡ്രൈവർമാരെയും സഹായിക്കണമെന്ന് ഞാൻ പറഞ്ഞു. അന്ന് ധനകാര്യ മന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്ക്, അത്തരം മണ്ടത്തരങ്ങൾ ഞങ്ങൾ കാണിക്കില്ലെന്നാണ് പറഞ്ഞത്. നികുതി കുറയ്ക്കുന്ന മണ്ടത്തരം ഇടതുസർക്കാർ കാണിക്കില്ലെന്ന് ഇടതു സർക്കാരിന്റെ മുൻ ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ വന്നു സംസാരിച്ചതാണ്. അപ്പോൾ എന്നോട് അതേ മണ്ടത്തരം ചെയ്യാനാണോ മുൻ ധനകാര്യ മന്ത്രി ഉപദേശിച്ചത്.

കഴിഞ്ഞ പതിനൊന്ന് മാസത്തിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ നാണ്യപെരുപ്പമുണ്ടായതും നിത്യോപയോഗ സാധനങ്ങളുടെ വില വർധനയുണ്ടായതും കേരളത്തിലാണ്. വിപണിയിൽ ഇടപെടുന്നതിൽ മുൻ സർക്കാർ ദയനീയമായി പരാജയപ്പെട്ടു. ഈ പണമൊക്കെ എടുത്തുകൊടുക്കാൻ ഇപ്പോൾ പറഞ്ഞല്ലോ? നിങ്ങൾ ഉണ്ടാക്കിയ കടം തീർക്കണ്ടേ? 2893 കോടി രൂപ നിങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന് കൊടുക്കാനുണ്ട്. ഈ പൈസ വേണ്ടെന്ന് വച്ചുകഴിഞ്ഞാൽ വിലക്കയറ്റം നിയന്ത്രിക്കാൻ ഞങ്ങൾ എന്തുചെയ്യും? നികുതിയിലൂടെ കിട്ടുന്നത് പത്തോ, അഞ്ഞൂറോ കോടി രൂപയാണ്. അപ്പോൾ ആ പൈസയെടുത്തു കൊടുത്താൽ നിങ്ങൾ വരുത്തിവച്ചിരിക്കുന്ന കടം ആരുകൊടുക്കും. രൂക്ഷമായ വിലക്കയറ്റം നിയന്ത്രിക്കാൻ സപ്ലൈകോ മാർക്കറ്റിൽ ഇടപെടണ്ടേ? ഇൻഫ്ലേഷണറി പ്രഷർ എന്നുപറയുന്നത് കേരള ഇക്കോണമിയുടെ മീതെ വർധിക്കുകയാണ്. യുദ്ധത്തിന്റെ ഭാഗമായി ഗൾഫ് റെമിറ്റൻസ് കുറയുകയാണ്. യുദ്ധത്തിന്റെ പേരുപറഞ്ഞ് പാചകവാതകത്തിന്റെയും പെട്രോളിയം ഉൽപന്നങ്ങളുടെയും വില കേന്ദ്ര സർക്കാർ വർധിപ്പിച്ചപ്പോൾ നേരത്തെതന്നെ നാണ്യപെരുപ്പത്തിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനത്തുണ്ടായിരുന്ന കേരളം വീണ്ടും അത്താങ്ങേണ്ട സ്ഥിതിയാണ്. രൂക്ഷമായ വിലക്കയറ്റത്തിലേക്ക് കേരളം പോകും. എൽ.പി.ജി. സിലണ്ടറിന്റെ ക്ഷാമംകൊണ്ടുമാത്രം 25 ശതമാനം വരെ ഹോട്ടലിലെ ഭക്ഷ്യസാധനങ്ങളുടെ വില വർധനവുണ്ടായിട്ടുണ്ട്. ആ കാര്യത്തിൽ അതിശക്തമായിട്ടുള്ള ഇടപെടൽ സർക്കാർ നടത്തുന്നുണ്ട്. യഥാർഥത്തിലുള്ള സിലണ്ടർ വിതരണം കൃത്യമായി നടന്നാൽ സിലണ്ടർ ക്ഷാമമുണ്ടാകില്ല. കരിഞ്ചന്ത തടയുന്നതിനായുള്ള അതിശക്തമായ നീക്കം സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകും.

പെട്രോൾ, ഡീസൽ വില വർധന ഏറ്റവും കൂടി നിന്ന സമയത്താണ് സോഷ്യൽ സെക്യൂരിറ്റി പെൻഷന്റെ പേരിൽ അങ്ങ് ധനകാര്യ മന്ത്രിയായിരുന്നപ്പോൾ ഇന്ധന സെസ് രണ്ട് രൂപയാക്കി വർധിപ്പിച്ചു. അങ്ങ് അന്നത്തെ എന്റെ പ്രസംഗംകൂടി ഒന്ന് ക്വാട്ട് ചെയ്യണം. വില വർധിച്ചുനിൽക്കുന്ന സാഹചര്യത്തിൽ ഈ രണ്ടു രൂപ വർധിപ്പിക്കുന്നത് അപകടമാണെന്ന് അന്ന് ഞാൻ പറഞ്ഞു. കാരണം കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. ഏറ്റവും ലോങ് ഡിസ്റ്റൻസിൽ ട്രാവൽ ചെയ്തുവരുന്ന ട്രക്കുകളിലാണ് ഉൽപന്നങ്ങൾ കേരളത്തിലേക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നത്. ഡീസലാണ് പെട്രോളിനെക്കാൾ കൂടുതൽ കൺസംപ്ഷൻ നടക്കുന്നത്. ആ ഡീസലിന് മാഹിയിൽ വരുമ്പോൾ വേറെ വില, തമിഴ്നാട് അതിർത്തിയിൽ വരുമ്പോൾ വേറെ വില, കർണ്ണാടക അതിർത്തിയിൽ വരുമ്പോൾ വേറെ വില. വലിയ വില വ്യത്യാസം കേരളത്തിലുണ്ടാകുമ്പോൾ ഈ ട്രക്കുകൾ എന്തുചെയ്യും? അവർ ഫുൾ ലോഡ് സംസ്ഥാനഅതിർത്തിയിൽ നിന്നും ഫിൽ ചെയ്തിട്ടുവരും. നിങ്ങൾ രണ്ടുരൂപ കൂട്ടിയപ്പോൾ നിങ്ങൾക്ക് ഒരു പാട് നികുതി നഷ്ടമുണ്ടാകുമെന്ന് ഞാനന്ന് പറഞ്ഞു. അന്ന് അങ്ങ് പരിഹസിച്ചുവെന്ന് ഞാൻ പറയില്ല. ഒരു കൺസംപ്ഷനും കുറയാൻ പോകുന്നില്ലെന്ന് അങ്ങ് പറഞ്ഞു. ഞാൻ അത് ഓർത്തുവെച്ചിട്ട് ഒരു വർഷം കഴിഞ്ഞപ്പോൾ അങ്ങേയ്ക്ക് ഡീസൽ കൺസംപ്ഷന്റെ കണക്ക് കാണിച്ചുതന്നു. ഒന്നരകോടി ലിറ്ററിന്റെ കൺസെപ്ഷൻ കുറവുണ്ടായി. അന്ന് സെസ് കൂട്ടാനുള്ള തീരുമാനം തെറ്റായ തീരുമാനമായിരുന്നു.

കേരളത്തിലേക്ക് അനധികൃതമായി ഡീസൽ, പെട്രോൾ വലിയ തോതിൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്ന് ഒരു നികുതിയും കൊടുക്കാതെ വ്യാപകമായി വിറ്റഴിക്കപ്പെടുകയാണ്. അത് തടയാനുള്ള അതിശക്തമായ നടപടികൾ ഈ സർക്കാർ സ്വീകരിക്കും. അങ്ങയുടെ കാലത്താണ് ഈ അപകടം മുഴുവനുമുണ്ടായത്. ഒന്നരക്കോടി ലിറ്റർ ഡീസലിന്റെ കൺസപ്ഷൻ കുറയുകയും വ്യാപകമായി നികുതി നഷ്ടം ഈ മേഖലയിലുണ്ടാകുകയും ചെയ്തത് ശക്തമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കാത്തതുകൊണ്ടാണ്. ഞങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തുള്ള കുറവുകൾ മനസ്സിലാക്കി അതിശക്തമായ നടപടികൾ സ്വീകരിക്കും. അക്കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് ഇപ്പോഴുള്ള കാര്യങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് വില വർദ്ധനവ് തടയുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് സർക്കാരിന്റെ ആദ്യത്തെ പ്രയോരിറ്റി.

പതിനഞ്ചാമത് ഫിനാൻസ് കമ്മിഷൻ പതിനാറാമത് ഫിനാൻസ് കമ്മിഷൻ ആയി മാറിയ കാര്യവും ഞങ്ങൾക്ക് 1.92 ശതമാനമാണ് കിട്ടിയതെന്നും അങ്ങ് പറയുകയുണ്ടായി. അതിനൊന്നും ഞാൻ ഇപ്പോൾ മറുപടി പറയുന്നില്ല. ഈ സംസ്ഥാനത്തെ വിസ്മയിപ്പിക്കുന്ന സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയെക്കുറിച്ചുള്ള ഒരു ധവളപത്രം വരുന്നുണ്ട്. ഇപ്പോൾ അങ്ങ് പറഞ്ഞതിനുള്ള മറുപടി ആ ധവളപത്രത്തിനകത്തുണ്ട്. അന്ന് കേന്ദ്രത്തിൽനിന്ന് എന്ത് കിട്ടി, ഇന്ന് കേന്ദ്രത്തിൽ നിന്ന് എന്ത് കിട്ടുന്നില്ല എന്നൊക്കെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തിയുള്ള ധവളപത്രം സഭയുടെ മുമ്പിൽ വയ്ക്കേണ്ട ഒരു സുപ്രധാനമായ രേഖയാണ്. ആ വെള്ളപേപ്പറിലുള്ള കാര്യങ്ങൾ ഇവിടെ പറയാൻ പരിമിതികളുണ്ട്. അത് മുൻകൂട്ടി പറയുന്നത് അനൗചിത്യവുമാണ്. കേന്ദ്രത്തിൽ നിന്ന് എന്ത് കിട്ടിയെന്നും ഇപ്പോൾ പതിനാറാം ധനകാര്യ കമ്മിഷൻ വന്നപ്പോൾ എന്തു കിട്ടുന്നില്ലെന്നും അങ്ങ് തയ്യാറാക്കി വച്ചിരിക്കുന്ന പ്ലാനിനെക്കുറിച്ചും കേരളത്തിന്റെ സാമ്പത്തിക ആരോഗ്യത്തെക്കുറിച്ചുമുള്ള വളരെ കൃത്യമായ മറുപടികൾ ആ പേപ്പറിലുണ്ട്. അതുകൊണ്ട് ഇക്കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല.

ടാലന്റ് സെർച്ച് ടെസ്റ്റ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന് കീഴിലുള്ള തിരുവനന്തപുരത്തുള്ള കിലെ-ഐ.എ.എസ് അക്കാഡമിയിൽ ഓൺലൈൻ ടാലന്റ് സെർച്ച് ടെസ്റ്റ് ജൂൺ 4ന് നടത്തും. ആദ്യ 10 വിജയികൾക്ക് കിലെ ഐ.എ.എസ് അക്കാഡമിയിലെ വിവിധ കോഴ്സുകളിൽ പഠിക്കുന്നതിനായി 100 ശതമാനം സ്കോളർഷിപ്പ് ലഭിക്കും. കൂടുതൽ വിവരങ്ങൾ: www.kile.kerala.gov.in/kileiasacademy, 0471-2479966, 8075768537, ഇമെയിൽ: kileiasacademy@gmail.com.

കേന്ദ്രമന്ത്രിസഭ പുനഃസംഘടന: കേരളത്തിൽ നിന്ന് പുതിയൊരു കേന്ദ്രമന്ത്രിക്ക് സാധ്യത

ന്യൂഡൽഹി: കേന്ദ്രമന്ത്രിസഭയിലെ പുതിയ പുനഃസംഘടനയിൽ കേരളത്തിൽ നിന്ന് പുതിയൊരു കേന്ദ്രമന്ത്രി കൂടി ഉണ്ടാകാൻ സാധ്യതയേറുന്നു. രാജ്യസഭാ കാലാവധി പൂർത്തിയാക്കുന്ന ജോർജ് കുര്യൻ കേന്ദ്രമന്ത്രിയായി തുടരുമോ എന്ന കാര്യത്തിൽ വ്യക്തത വരാനിരിക്കെയാണ്, നിയമസഭാ തെരഞ്ഞെടുപ്പിൽ മൂന്ന് സീറ്റുകൾ നേടിയ കേരളത്തിന് കേന്ദ്രത്തിൽ കൂടുതൽ പ്രാതിനിധ്യം നൽകാൻ ബിജെപി ഒരുങ്ങുന്നത്.

സി. സദാനന്ദൻ മാസ്റ്റർ, കെ. സുരേന്ദ്രൻ, അനൂപ് ആൻറണി, അനിൽ ആൻറണി എന്നിവരുടെ പേരുകളാണ് ബിജെപി കേന്ദ്ര നേതൃത്വത്തിൻറെ പരിഗണനയിലുള്ളതെന്നാണ് സൂചനകൾ.

നിലവിൽ രാജ്യസഭാംഗമായ സി. സദാനന്ദൻ മാസ്റ്റർക്ക്, പാർട്ടിക്കായി ത്യാഗം സഹിച്ച മുതിർന്ന നേതാവ് എന്ന പരിഗണനയും കേഡർ മാർക്കിടയിലെ വൈകാരിക സ്വാധീനവും അനുകൂല ഘടകങ്ങളാണ്. മുൻ സംസ്ഥാന അധ്യക്ഷനായ കെ. സുരേന്ദ്രനെയും മന്ത്രിസഭയിലേക്ക് പരിഗണിച്ചേക്കുമെന്ന് റിപ്പോർട്ടുകളുണ്ട്.

ക്രൈസ്തവ വോട്ടുകൾ പാർട്ടിയിലേക്ക് ആകർഷിക്കാൻ കഴിഞ്ഞതും കേന്ദ്ര നേതൃത്വവുമായുള്ള നല്ല ബന്ധവും പരിഗണിച്ച് ബിജെപി സംസ്ഥാന ജനറൽ സെക്രട്ടറിയും യുവനേതാവുമായ അനൂപ് ആൻറണിക്കും സാധ്യത കൽപ്പിക്കപ്പെടുന്നുണ്ട്. കേന്ദ്ര നേതൃത്വവുമായി അടുത്ത ബന്ധമുള്ള ദേശീയ വക്താവ് അനിൽ ആൻറണിയും പട്ടികയിലുണ്ട്. ഇവരിൽ ആർക്കാകും നറുക്ക് വീഴുകയെന്ന ആകാംഷയിലാണ് കേരളത്തിലെ രാഷ്ട്രീയ വൃത്തങ്ങൾ.

വാക് ഇൻ ഇന്റർവ്യു

തിരുവനന്തപുരം സർക്കാർ നഴ്സിങ് കോളജിൽ ബോണ്ടഡ് ലക്ചറർമാരുടെ ഒഴിവിലേക്ക് വാക് ഇൻ ഇന്റർവ്യു നടത്തും. എം.എസ്.സി നഴ്സിങ് പാസായ യോഗ്യതയും കെഎൻഎംസി രജിസ്ട്രേഷനുമുള്ള ഉദ്യോഗാർഥികൾ വിശദമായ ബയോഡാറ്റയും യോഗ്യത, വയസ്, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ജൂൺ 15 രാവിലെ 10.30ന് കോളജിൽ നേരിട്ട് ഹാജരാകണം.

അസിസ്റ്റൻറ് പ്രൊഫസർ

തിരുവനന്തപുരം സി.ഇ.ടിയിൽ ആർക്കിടെക്ചർ വിഭാഗത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ അസിസ്റ്റൻറ് പ്രൊഫസർ (അഡ്-ഹോക്ക്) തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. കൗൺസിൽ ഓഫ് ആർക്കിടെക്ചർ അംഗീകരിച്ച ആ.ആരവ ബിരുദവും ബിരുദാനന്തര ബിരുദവും കൗൺസിൽ രജിസ്ട്രേഷനും, മുൻപരിചയവുമുള്ളവർക്ക് മുൻഗണന. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യോഗ്യത പരീക്ഷയ്ക്കും അഭിമുഖത്തിനും തയ്യാറായി ഒറിജിനൽ സർട്ടിഫിക്കറ്റുകളും പകർപ്പും സഹിതം ജൂൺ 16 രാവിലെ 9.30 ന് ബന്ധപ്പെട്ട വകുപ്പ് മേധാവിയ്ക്ക് മുൻപാകെ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ooo.rlav.mar.ശി.

ടിക് ടോക്കിൽ വെല്ലുവിളി; മലയാളി ഷാർജയിൽ കുത്തേറ്റു കൊല്ലപ്പെട്ടു

അബുദാബി: സാമൂഹിക മാധ്യമമായ ടിക് ടോക്കിലെ തർക്കത്തെ തുടർന്ന് ഷാർജയിൽ മലയാളി കുത്തേറ്റ് മരിച്ചു. കണ്ണൂർ പഴയങ്ങാടി സ്വദേശി ഇസ്മായിൽ പൊന്നൻ(40) ആണ് മരിച്ചത്. സംഭവത്തിൽ കൊല്ലം സ്വദേശിയായ പ്രതിയടക്കം നാലുപേരെ ഷാർജ പോലീസ് കസ്റ്റഡിയിലെടുത്തു.

ടിക് ടോക്കിൽ തുടങ്ങിയ തർക്കമാണ് കൊലപാതകത്തിലേയ്ക്ക് നയിച്ചത്. ടിക് ടോക്കിലെ വെല്ലുവിളിക്ക് ശേഷം പ്രതിയെ കാണാൻ ഷാർജ അൽ നഹ്ദയിൽ ഇസ്മായിൽ എത്തുകയായിരുന്നു എന്നാണ് സൂചന. പൊതുസ്ഥലത്തുവച്ച് ഇരുവരും തമ്മിൽ തർക്കമുണ്ടാകുകയും കത്തിക്കുത്തിൽ കലാശിക്കുകയും ചെയ്യുകയായിരുന്നു.

ഇതിൻറെ ദൃശ്യങ്ങൾ ഷാർജ പോലീസിന് ലഭിച്ചിട്ടുണ്ട്. ഇസ്മായിൽ സംഭവസ്ഥലത്തുവച്ചുതന്നെ മരിച്ചു. വർഷങ്ങളായി ദുബായിൽ ജോലി ചെയ്യുകയായിരുന്നു ഇസ്മായിൽ. ഭാര്യയും മക്കളും നാട്ടിലാണ്. അദ്ദേഹത്തിൻറെ സഹോദരൻ ജുബൈറും ദുബായിൽ തന്നെയാണ് ജോലി ചെയ്യുന്നത്.

ടിക് ടോക്കിൽ വെല്ലുവിളി നടത്തിയ കൊല്ലം സ്വദേശിയാണ് കേസിലെ മുഖ്യപ്രതിയെന്നാണ് സൂചന. ഇയാളടക്കം നാലുപേരെ ഷാർജ പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്. ഷാർജയിലെ ബുഹൈറ പോലീസ് ആണ് തുടർനടപടികൾ സ്വീകരിച്ചത്. അൽ ഖാസ്മിയ ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുന്ന മൃതദേഹം നടപടികൾ പൂർത്തിയാക്കി നാട്ടിലേയ്ക്ക് കൊണ്ടുപോകും.

പബ്ലിക് നോട്ടീസ്



വിഴിഞ്ഞം തീരദേശത്ത് ജിയോഗ്രഫിക്കൽ കോ-ഓർഡിനേറ്റുകളിൽ (അക്ഷാംശം: 8°20'51.3" വടക്ക്, രേഖാംശം: 77°00'10.9" കിഴക്ക്) ഒരു വേവ് റൈഡർ ബോയി (Wave Rider Buoy) സ്ഥാപിച്ചിരിക്കുന്നതായി പൊതുജനങ്ങൾക്ക് ഇതുവഴി അറിയിക്കുന്നു.

ഈ ബോയി വിഴിഞ്ഞം അന്തർദേശീയ തുറമുഖത്തിലെ നിലവിലുള്ള ബ്രേക്ക്വാട്ടറിന്റെ അഗ്രഭാഗത്തിൽ നിന്ന് ഏകദേശം 1 കിലോമീറ്റർ തെക്ക്-പടിഞ്ഞാറ് ദിശയിൽ സ്ഥിതി ചെയ്യുന്നു. തീരപ്രദേശത്തെ അലയുകളുടെ സ്വഭാവവും ദിശാപരമായ മാറ്റങ്ങളും സമുദ്രമേൽപ്പുറത്തിലെ പ്രവാഹവേഗതയും നിരീക്ഷിക്കുന്നതിനായി, സമുദ്ര പ്രവചനം കൂടുതൽ കൃത്യമായി നിർണ്ണയിക്കാനും മുന്നറിയിപ്പുകൾ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് നടത്തുന്ന അക്കാദമിക് ഗവേഷണ പദ്ധതിയുടെ ഭാഗമായി ഈ ഉപകരണം കചഇഛകട സ്ഥാപിച്ചിരിക്കുന്നു.

ഈ ഉപകരണത്തിലൂടെ സമാഹരിക്കുന്ന വിവരങ്ങൾ ചുഴലിക്കാറ്റുകൾ, സുനാമി തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ പ്രവചന പഠനങ്ങൾക്ക് സഹായകരമാകും. അതുവഴി സമുദ്രാവസ്ഥകൾ കൂടുതൽ കൃത്യമായി മുൻകൂട്ടി അറിയാൻ കഴിയുകയും പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലും ഇത് ഗുണകരമാകും.അതിനാൽ, ഈ പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ മത്സ്യബന്ധന വള്ളങ്ങളും വ്യക്തികളും പരമാവധി ജാഗ്രത പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഉപകരണത്തിൽ ഉദ്ദേശപൂർവ്വം കേടുപാടുകൾ വരുത്തുകയോ ഇടപെടലുകൾ നടത്തുകയോ ചെയ്യുന്നതു നിയമപരമായി ശിക്ഷാർഹമാണ്. ഈ ബോയി താഴെ കാണുന്നതുപോലെ മഞ്ഞനിറത്തിലുള്ള ഗോളാകൃതിയിലുള്ള വസ്തുവായി കാണപ്പെടുന്നു.

തിരുവനന്തപുരം നഗരസഭയിലെ യു ഡി എഫ് അംഗങ്ങൾ മുഖ്യമന്ത്രി വി ഡി സതീശനെ സന്ദർശിക്കുന്നു

മലയാള സിനിമയിലെ വിവിധ സംഘടനകളുടെ പ്രതിനിധികളുമായി സിനിമ, വിനോദസഞ്ചാര, സാംസ്കാരിക വകുപ്പ് മന്ത്രി പി. സി. വിഷ്ണുനാഥ് ചർച്ച നടത്തുന്നു

നന്ദഗോവിന്ദം ഭജൻസ് മുഖ്യമന്ത്രി വി ഡി സതീശനെ സന്ദർശിക്കുന്നു

നീറ്റ് വിവാദം: ധർമേന്ദ്ര പ്രധാൻ രാജിവെക്കണമെന്ന് 58% എൻഡിഎ വോട്ടർമാരും; എൻടിഎ പിരിച്ചുവിടണമെന്ന് സർവേ

ന്യൂഡൽഹി: നീറ്റ് യുജി പരീക്ഷാ ക്രമക്കേടുകളിലും ചോദ്യപേപ്പർ ചോർച്ചയിലും രാജ്യവ്യാപക പ്രതിഷേധം ശക്തമാകുന്നതിനിടെ, കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാനും നാഷണൽ ടെസ്റ്റിംഗ് ഏജൻസിക്കും തിരിച്ചടിയായി സി വോട്ടർ സർവേ ഫലം.

സർവേയിൽ പങ്കെടുത്ത ഭൂരിഭാഗം പേരും വിദ്യാഭ്യാസ മന്ത്രിയുടെ രാജി ആവശ്യപ്പെടുമ്പോൾ, ഭരണകക്ഷിയായ എൻഡിഎയെ പിന്തുണയ്ക്കുന്ന വോട്ടർമാരിൽ 58 ശതമാനം പേരും ധർമേന്ദ്ര പ്രധാൻ സ്ഥാനമൊഴിയണം എന്ന അഭിപ്രായക്കാരാണ്.

സർവേയിൽ പങ്കെടുത്ത ആകെ ആളുകളിൽ 66 ശതമാനം പേരും മന്ത്രിയുടെ രാജി ആവശ്യപ്പെട്ടു. ചോദ്യപേപ്പർ ചോർച്ചയുടെ പ്രധാന ഉത്തരവാദി വിദ്യാഭ്യാസ മന്ത്രിയാണെന്ന് 46 ശതമാനം പേർ വിരൽ ചൂണ്ടിയപ്പോൾ, 12 ശതമാനം പേർ എൻടിഎയെ കുറ്റപ്പെടുത്തി. പരീക്ഷാ നടത്തിപ്പിലെ വിശ്വാസ്യത തകർന്ന പശ്ചാത്തലത്തിൽ എൻടിഎ പിരിച്ചുവിടണമെന്ന് 61 ശതമാനം പേർ അഭിപ്രായപ്പെട്ടു. പരീക്ഷകൾ കേന്ദ്രീകൃതമായി നടത്തുന്നതിന് പകരം സംസ്ഥാനങ്ങൾക്കും സർവകലാശാലകൾക്കും തന്നെ ചുമതല തിരികെ നൽകണമെന്നും സർവേയിൽ ആവശ്യമുയർന്നു.

മേയ് മൂന്നിന് നടന്ന പരീക്ഷയിലെ ക്രമക്കേടുകളെ തുടർന്ന് ജൂൺ 21-ലേക്ക് പുനഃപരീക്ഷ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിനകം തന്നെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ് ഉൾപ്പെടെയുള്ള കക്ഷികൾ മന്ത്രിയുടെ രാജി ആവശ്യപ്പെട്ട് രംഗത്തുണ്ട്.

ഇതിന് പിന്നാലെ എൻഡിഎ അനുകൂലികൾക്കിടയിൽ നിന്നുപോലും മന്ത്രിക്കെതിരെ വികാരം ശക്തമാകുന്നത് കേന്ദ്ര സർക്കാരിന് വലിയ പ്രതിസന്ധിയാവുകയാണ്.

'ഇറാൻെറ ഭരണം അവസാനിപ്പിക്കാൻ ഇതാണ് സമയം'; ആഹ്വാനവുമായി മൊസാദ് തലവൻ

ടെൽ അവീവ്: പദവിയിൽ നിന്ന് വിരമിക്കുന്നതിന് മുന്നോടിയായി ഇസ്രയേൽ ചാരസംഘടനയായ മൊസാദിൻറെ തലവൻ ഡേവിഡ് ബാർണിയ നടത്തിയ പ്രസ്താവന അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയമാകുന്നു. ഇറാനിലെ ഇസ്ലാമിക ഭരണകൂടത്തെ താഴെയിറക്കാൻ ഇസ്രയേലും മൊസാദും പ്രതിജ്ഞാബദ്ധരായി തുടരണമെന്ന് ബാർണിയ ആഹ്വാനം ചെയ്തു.മുൻകാലങ്ങളിൽ ഇറാൻറെ ആണവായുധ മോഹങ്ങളെ തടയുക എന്നതായിരുന്നു മൊസാദിൻെറ ലക്ഷ്യമെങ്കിൽ, ഇപ്പോഴത്തെ യുദ്ധത്തിന് ശേഷം ഇറാൻ ഭരണകൂടം അതിൻറെ ഏറ്റവും ദുർബലവും പരിക്കേറ്റതുമായ അവസ്ഥയിലാണെന്നും ഈ അവസരം മുതലാക്കി അവിടെ ഭരണമാറ്റം കൊണ്ടുവരികയാണ് മൊസാദിൻറെ പ്രധാന ദൗത്യമെന്നും അദ്ദേഹം വ്യക്തമാക്കി. ഒരു സൈനിക നീക്കത്തിൻറെ മധ്യത്തിലാണ് ഇസ്രയേൽ ഇപ്പോഴുള്ളതെന്നും ബാർണിയ കൂട്ടിച്ചേർത്തു.അതേസമയം, ഡേവിഡ് ബാർണിയ വിരമിക്കുന്നതോടെ മേജർ ജനറൽ റോമൻ ഗോഫ്മാൻ പുതിയ മൊസാദ് തലവനാകും. മുൻപ് ഗോഫ്മാൻറെ നിയമനത്തെ സുപ്രീംകോടതിയിൽ ബാർണിയ എതിർത്തിരുന്നുവെങ്കിലും, കോടതി ഉത്തരവിനെ മാനിച്ച് സുഗമമായ ഭരണമാറ്റത്തിന് പൂർണ പിന്തുണ നൽകുമെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്.

അമിതവേഗത്തിലെത്തിയ കാറിടിച്ച് ഒരാൾ മരിച്ചു

ലക്നോ: ഉത്തർപ്രദേശിലെ മുസഫർനഗറിൽ ഗ്യാസ് സിലിണ്ടർ നിറയ്ക്കാൻ നിന്നവർക്കിടയിലേക്ക് അമിതവേഗത്തിലെത്തിയ കാർ ഇടിച്ചുകയറി ഒരാൾ മരിച്ചു. അയ്യൂബ് (35) എന്ന യുവാവാണ് മരിച്ചത്. ശേഖർ എന്നാൾക്ക് ഗുരുതരമായി പരിക്കേറ്റു.ഒരു ഗ്യാസ് ഏജൻസി ഗോഡൗണിന് പുറത്തുള്ള ക്യൂവിലേക്കാണ് അമിതവേഗത്തിൽ വന്ന കാർ ഇടിച്ചുകയറിയത്. തിങ്കളാഴ്ച ഇൻഡെയ്ൻ ഗ്യാസ് ഏജൻസി അടച്ചിട്ടതിനുശേഷം നിരവധി ഉപഭോക്താക്കൾ ഇവിടെ തടിച്ചുകൂടി. അമിതവേഗത്തിൽ വന്ന ഒരു കാർ നിയന്ത്രണം നഷ്ടപ്പെട്ട് ഈ ക്യൂവിലേക്ക് ഇടിച്ചു കയറുകയായിരുന്നു.ശേഖർ നിലവിൽ ആശുപത്രിയിൽ ചികിത്സയിലാണ്. അപകടം നടന്നയുടനെ ഡ്രൈവർ വാഹനം ഉപേക്ഷിച്ച് ഓടി രക്ഷപ്പെട്ടു. കാർ പോലീസ് പിടിച്ചെടുത്തിട്ടുണ്ട്. ഒളിവിൽ പോയ ഡ്രൈവറെ കണ്ടെത്താൻ അന്വേഷണം ആരംഭിച്ചു. അയൂബിൻറെ മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി മാറ്റി.

യുവാവിനെ കൊന്ന ശേഷം ശരീരം കഷ്ണങ്ങളാക്കി; ദമ്പതികൾ അറസ്റ്റിൽ

ലക്നോ: ഉത്തർപ്രദേശിലെ ഫത്തേപൂരിൽ യുവതിയും ഭർത്താവും ചേർന്ന് ഭാര്യയുടെ കാമുകനെ കൊലപ്പെടുത്തിയ ശേഷം ശരീരം കഷ്ണങ്ങളാക്കി. ഫത്തേപൂർ സ്വദേശി വിജയ് നിഷാദിനെ മെയ് എട്ട് മുതൽ കാണാനില്ലായിരുന്നു. വിജയുടെ കുടുംബം നൽകിയ പരാതിയെത്തുടർന്നാണ് കൊലപാതക വിവരം പുറത്തുവന്നത്. സംഭവത്തിൽ കിരൺ ദേവി, ഭർത്താവ് കാംത പ്രസാദ് എന്നിവർ പിടിയിലായി.വിജയ്യും കിരണും പ്രണയത്തിലായിരുന്നുവെന്ന് പോലീസ് പറയുന്നു. കാംത ഇരുവരുടെയും ബന്ധത്തെക്കുറിച്ച് അറിയുകയും തുടർന്ന് കിരണുമായി ചേർന്ന് വിജയ്യെ കൊലപ്പെടുത്താൻ പദ്ധതിയിടുകയുമായിരുന്നു.ദമ്പതികൾ നടത്തിയ ഗൂഢാലോചനയുടെ ഭാഗമായി വിജയ്യെ കിരൺ വീട്ടിലേക്ക് വിളിച്ചുവരുത്തുകയും ഈ സമയം കംത ഇയാളെ ആക്രമിച്ച് കൊല്ലുകയുമായിരുന്നു. കുറ്റകൃത്യം മറച്ചുവയ്ക്കാനുള്ള മാർഗങ്ങളെപ്പറ്റി ദമ്പതികൾ യൂട്യൂബിൽ തിരച്ചിൽ നടത്തിയതിൻറെ തെളിവുകൾ പോലീസിന് ലഭിച്ചു.

മൃതദേഹം ചാക്കിൽ കൊള്ളാതായപ്പോഴാണ് കഷ്ണങ്ങളായി മുറിച്ച് വനത്തിൽ കൊണ്ടുപോയി കത്തിക്കുകയായിരുന്നു. തെളിവുകളെല്ലാം അന്വേഷണ ഉദ്യോഗസ്ഥർ കണ്ടെടുത്തു. തുടർന്ന് നടത്തിയ ചോദ്യം ചെയ്യലിൽ ദമ്പതികൾ കുറ്റം സമ്മതിച്ചു.

ഫോൺ ഉപയോഗിക്കുന്നത് വിലക്കിയതിൻെറ മനോവിഷമം; പത്താം ക്ലാസ് വിദ്യാർഥി ജീവനൊടുക്കി

തിരുവനന്തപുരം: കാട്ടാക്കടയിൽ പത്താം ക്ലാസ് വിദ്യാർഥി ജീവനൊടുക്കി. കുറ്റിച്ചൽ അരികിൽ സ്വദേശി വൈകാശിനെയാണ് ഷാൾ കഴുത്തിൽ കുരുക്കി ജീവനൊടുക്കിയ നിലയിൽ കണ്ടെത്തിയത്.

സ്കൂൾ വിട്ടു വീട്ടിലെത്തിയ വൈകാശ് മാതാപിതാക്കളോട് ഫോൺ ആവശ്യപ്പെട്ടെങ്കിലും അവർ നൽകിയില്ല. തുടർന്ന് മാതാപിതാക്കളും വൈകാശും തമ്മിൽ തർക്കമുണ്ടായി. ഇതിനു പിന്നാലെ രാത്രി 9.30ഓടെ മുറിയിൽ കയറി വൈകാശ് വാതിലടച്ചു. 10.45 ആയിട്ടും കുട്ടിയെ പുറത്തേക്ക് കാണാതെ വന്നതോടെ മാതാപിതാക്കൾ വാതിലിൽ തട്ടിയെങ്കിലും തുറന്നില്ല. തുടർന്ന് നടത്തിയ പരിശോധനയിലാണ് കുട്ടിയെ ജനലിൽ ഷാളിൽ തൂങ്ങിയ നിലയിൽ കണ്ടെത്തിയത്.

കുട്ടിയെ കാട്ടാക്കടയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. മൃതദേഹം കാട്ടാക്കടയിലെ സ്വകാര്യ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്

(ശ്രദ്ധിക്കുക: ആത്മഹത്യ ഒന്നിനും പരിഹാരമല്ല. മാനസികാരോഗ്യ വിദഗ്ധരുടെ സഹായം തേടുക, അതിജീവിക്കാൻ ശ്രമിക്കുക. ഹെൽപ്‌ലൈൻ നമ്പർ - 1056, 0471-2552056)

റബ്ബർ ഉത്പന്ന നിർമ്മാണ പരിശീലനം

വ്യവസായ വാണിജ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഞ്ചേരി, പയ്യനാട് കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ ജൂൺ 15 മുതൽ 19 വരെ സംരംഭകർക്കായി ലാറ്റക്സ്, ഡ്രൈ റബ്ബർ ഉത്പന്നങ്ങളുടെ നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 1000 രൂപ. അസിസ്റ്റന്റ് ഡയറക്ടർ, കോമൺ ഫെസിലിറ്റി സർവീസ് സെന്റർ, പയ്യനാട് (പി.ഒ), മഞ്ചേരി, മലപ്പുറം 676122 എന്ന വിലാസത്തിൽ ബന്ധപ്പെടണം

മൂവാറ്റുപുഴയാറിൽ വയോധികയെ ഒഴുക്കിൽപെട്ട് കാണാതായി

കൊച്ചി: മൂവാറ്റുപുഴയാറിൽ വയോധികയെ ഒഴുക്കിൽപെട്ട് കാണാതായി. തൊടുപുഴ വെങ്ങല്ലൂർ സ്വദേശി വത്സല (68) ആണ് ഒഴുക്കിൽ പെട്ടത്. ഇന്ന് ഉച്ചയ്ക്ക് 12 ഓടെയാണ് മൂവാറ്റുപുഴ ലതാക്കടവിൽ നിന്നാണ് വത്സല ഒഴുക്കിൽ പെട്ടത്.മൂവാറ്റുപുഴ ഫയർഫോഴ്സും സ്കൂബ ടീമും തിരച്ചിൽ നടത്തുകയാണ്. അമ്പലത്തിൽ പോവുകയാണെന്ന് പറഞ്ഞ് വീട്ടിൽ നിന്നും ഇറങ്ങിയ വത്സലയെ കാണാതാവുകയായിരുന്നു എന്നാണ് ബന്ധുക്കൾ പറയുന്നത്.

വിനോദയാത്രയ്ക്കെത്തിയ അഞ്ച് വയസുകാരി ടോയ് ട്രെയിനിൽ നിന്നു വീണു മരിച്ചു

ജയ്പൂർ: രാജസ്ഥാനിലെ ജോധ്പൂരിലുള്ള മണ്ഡോർ ഗാർഡനിൽ കുടുംബത്തോടൊപ്പം വിനോദയാത്രയ്ക്കെത്തിയ അഞ്ച് വയസുകാരി ടോയ് ട്രെയിനിൽ നിന്നു വീണു മരിച്ചു. മുഹമ്മദ് ഹബീബിൻറെ മകൾ അനയ്റ എന്ന കുട്ടിയാണ് മരിച്ചത്.

അനയ്റ ബന്ധുക്കളോടൊപ്പം ടോയ് ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ ഡ്രൈവർ പെട്ടെന്ന് ബ്രേക്ക് ഇടുകയായിരുന്നു. ഇതേത്തുടർന്ന് കുട്ടി സീറ്റിൽ നിന്നും പുറത്തേക്ക് തെറിച്ചുവീണു.

ട്രെയിനിൽ ഉണ്ടായിരുന്ന യാത്രക്കാർ ഉടൻ തന്നെ ബഹളം വയ്ക്കുകയും ട്രെയിൻ നിർത്താൻ ആവശ്യപ്പെടുകയും ചെയ്തെങ്കിലും ഓപ്പറേറ്റർ വണ്ടി മുന്നോട്ട് എടുക്കുകയായിരുന്നു. ട്രെയിൻ പൂർണമായി നിർത്തുന്നതിന് മുൻപ് അതിൻറെ ചക്രങ്ങളിലൊന്ന് കുട്ടിയുടെ കഴുത്തിലൂടെ കയറിയിറങ്ങി. കുട്ടിയെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടെ ബന്ധുവായ മുസ്കാൻ എന്ന യുവതിക്കും പരിക്കേറ്റു. ഉടൻ തന്നെ ഇരുവരെയും ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും അനയ്റയുടെ ജീവൻ രക്ഷിക്കാനായില്ല. പരിക്കേറ്റ മുസ്കാനെ ചികിത്സയ്ക്ക് വിധേയമാക്കി.

ടോയ് ട്രെയിൻ ഓപ്പറേറ്ററുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ അനാസ്ഥയാണ് അപകടത്തിന് കാരണണമെന്ന് മുഹമ്മദ് ആരോപിച്ചു.

കുടുംബത്തിൻറെ പരാതിയുടെ അടിസ്ഥാനത്തിൽ ട്രെയിൻ ഓപ്പറേറ്റർക്കെതിരെ കേസെടുത്തിട്ടുണ്ട്. അപകടത്തെക്കുറിച്ചും വിനോദസഞ്ചാര കേന്ദ്രത്തിലെ സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ചും പോലീസ് വിശദമായ അന്വേഷണം നടത്തിവരികയാണ്.

സംസ്ഥാന ധനക്കമ്മീഷൻ ഗവർണർക്ക് റിപ്പോർട്ട് സമർപ്പിച്ചു

ഏഴാം സംസ്ഥാന ധനകാര്യക്കമ്മീഷന്റെ 2026-27-ലേക്കുള്ള അനുബന്ധ റിപ്പോർട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർക്ക് സമർപ്പിച്ചു. സംസ്ഥാന സർക്കാർ പ്രാദേശിക ഗവൺമെന്റുകൾക്ക് 2026-27-ൽ കൈമാറേണ്ട ധനവിഭവങ്ങൾ സംബന്ധിച്ച ശുപാർശകൾ സംസ്ഥാന ധനക്കമ്മീഷൻ നേരത്തെ സമർപ്പിച്ചിരുന്നതാണ്. പതിനാറാം കേന്ദ്ര ധനകാര്യക്കമ്മീഷൻ ശുപാർശകൾ പുറത്തുവന്നതോടുകൂടി അവകൂടി പരിഗണിച്ചുകൊണ്ട് ധനവിന്യാസത്തിൽ വരുത്തേണ്ട മാറ്റങ്ങളാണ് അനുബന്ധ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പതിനാറാം കേന്ദ്രധനക്കമ്മീഷൻ പ്രാദേശിക സർക്കാരുകൾക്ക് നൽകുന്ന ധനസഹായത്തിന്റെ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതനുസരിച്ച് കേരളത്തിലെ പ്രാദേശിക സർക്കാരുകളുടെ വികസന പദ്ധതികളിൽ ആവശ്യമായ മാറ്റം വരുത്തി കേന്ദ്ര ധനക്കമ്മീഷൻ ഗ്രാന്റുകൾ നഷ്ടമാവുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങളാണ് അനുബന്ധ റിപ്പോർട്ടിലുള്ളത്.

പതിനഞ്ചാം കേന്ദ്രധനക്കമ്മീഷൻ ഇന്ത്യയിലെ പ്രാദേശിക സർക്കാരുകൾക്ക് വിതരണം ചെയ്തത് 4,32,361 കോടി രൂപയായിരുന്നു. പതിനാറാം ധനക്കമ്മീഷൻ പ്രാദേശിക സർക്കാരുകളുടെ ഗ്രാന്റ് 7,91,493 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്ക് നൽകുന്ന ഗ്രാന്റിൽ നഗരഭരണസ്ഥാപനങ്ങളുടെ അനുപാതം മുൻ കമ്മിഷന്റെ കാലത്ത് 35.66 ശതമാനമായിരുന്നു. പതിനാറാം ധനക്കമ്മീഷൻ ഇത് 45.01 ശതമാനമായി ഉയർത്തിയിട്ടുണ്ട്. നഗരവത്കരണത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് പതിനാറാം ധനക്കമ്മീഷൻ 56,100 കോടി രൂപയും 10,000 കോടി രൂപയും അടങ്കലുള്ള രണ്ട് പ്രത്യേക നഗരവികസന പദ്ധതികൾകൂടി പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഏറ്റവും ഉയർന്ന നിരക്കിൽ നഗരവത്കരണം നടക്കുന്ന സംസ്ഥാനമാണെങ്കിലും മാനദണ്ഡങ്ങളുടെ പ്രത്യേകത കാരണം ഈ പദ്ധതികളുടെ ആനുകൂല്യം കേരളത്തിന് കിട്ടാൻ സാധ്യത കുറവായതിനാൽ അതിനുള്ള അർഹത ബോധ്യപ്പെടുത്തേണ്ടതുണ്ട്.

കേന്ദ്രധനക്കമ്മീഷൻ അതിന്റെ ഗ്രാന്റുകൾ നഗരങ്ങൾക്കും ഗ്രാമങ്ങൾക്കും ഇടയിൽ വീതം വെച്ചിരിക്കുന്നത് 2026-ലെ ജനസംഖ്യാനുപാതം സംബന്ധിച്ച മതിപ്പു കണക്കുകളുടെ അടിസ്ഥാനത്തിലാണ്. കേന്ദ്രധനക്കമ്മീഷന്റെ മതിപ്പു കണക്കുകൾ പ്രകാരം കേരളത്തിന്റെ ജനസംഖ്യയുടെ 82.49 ശതമാനവും അധിവസിക്കുന്നത് നഗരപ്രദേശങ്ങളിലാണ്. എന്നാൽ 2011-ലെ സെൻസസ്സ് കണക്കുകളനുസരിച്ച് കേരളത്തിലെ മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും ഉള്ളത് സംസ്ഥാന ജനസംഖ്യയുടെ 22.76 ശതമാനം മാത്രമാണ്. കേരളത്തിലെ നഗരവത്കരണത്തിന്റെ പ്രത്യേകതയനുസരിച്ചു നിലവിലുള്ള മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വലിയ ജനസംഖ്യാ വർധനവ് ഉണ്ടാകുന്നില്ല. യഥാർത്ഥത്തിൽ കേരളത്തിൽ അതിവേഗ നഗരവത്കരണം സംഭവിക്കുന്നത് ഗ്രാമപ്പഞ്ചായത്തുകളുടെ അധികാരപരിധിയിലുള്ള പ്രദേശങ്ങളിലാണ്. കേരളത്തിലെ നഗരവത്ക്കരണത്തിന്റെ ഈ പ്രത്യേകത കേന്ദ്ര ധനക്കമ്മീഷൻ ഗ്രാന്റുകളുടെ കാര്യത്തിൽ പരിഗണിയ്ക്കപ്പെട്ടിട്ടില്ല. കേന്ദ്ര ധനക്കമ്മീഷൻ 2026-27-ലേക്ക് അനുവദിച്ചിരിക്കുന്ന പ്രാദേശിക സർക്കാരുകൾക്കുള്ള ഗ്രാന്റിന്റെ 83.45 ശതമാനം മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കുമായി കൈമാറേണ്ടതുണ്ട്. 2011-ലെ സെൻസസ് പ്രകാരം 77 ശതമാനത്തിലധികം ജനങ്ങളധിവസിക്കുന്ന ഗ്രാമമേഖലയ്ക്ക് നീക്കിവെച്ചിരിക്കുന്നത് കേവലം 16.55 ശതമാനം മാത്രമാണ്. കേരളത്തിലെ ഗ്രാമപ്പഞ്ചായത്തുകൾക്കുള്ളിൽ സ്ഥിതിചെയ്യുന്ന സെൻസസ് ടൗണുകളിലെ നഗരജനസംഖ്യ കേന്ദ്രധനക്കമ്മീഷന്റെ വീതം വെയ്പ്പിൽ പരിഗണിക്കപ്പെട്ടിട്ടില്ല. പതിനഞ്ചാം കേന്ദ്ര ധനക്കമ്മീഷന്റെ അവസാന വർഷം (202526) ഗ്രാമപ്രദേശങ്ങൾക്ക് അനുവദിച്ചിരുന്ന 1562 കോടി രൂപയാണ്. അത് 2026-27-ൽ 425 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. ഈ കുറവ് ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വികസന-ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കും. ഇവ പരിഹരിക്കുന്നതിനുള്ള വിവിധ ബദൽ മാർഗങ്ങൾ ഏഴാം സംസ്ഥാന ധനക്കമ്മീഷന്റെ അനുബന്ധ റിപ്പോർട്ടിൽ മുന്നോട്ടു വയ്ക്കുന്നുണ്ട്. കേന്ദ്രധനക്കമ്മീഷന്റെ മറ്റു നിർദേശങ്ങളിൽ സ്വീകരിക്കേണ്ട സമീപനം സംബന്ധിച്ച ശുപാർശകളും റിപ്പോർട്ടിലുണ്ട്.

നെല്ല് സംഭരണം: മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ബാങ്കിംഗ് പ്രതിനിധികളുടെ യോഗം ചേർന്നു

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ബാങ്ക് പ്രതിനിധികളുമായുള്ള യോഗം മുഖ്യമന്ത്രി വി ഡി സതീശന്റെ അധ്യക്ഷതയിൽ ചേർന്നു. നെല്ല് സംഭരണ ശേഷം കർഷകർക്ക് ലഭിക്കുന്ന തുക വിതരണത്തിലെ കാലതാമസം മറികടക്കുന്നതിനുള്ള നിർദേശങ്ങളും കർഷകർക്ക് പ്രയാസം കൂടാതെ തുക ലഭ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളും യോഗത്തിൽ ചർച്ച ചെയ്തു. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും ബാങ്കുകൾക്കും മുഖ്യമന്ത്രി നിർദേശം നൽകി. നിയമസഭയിലെ മുഖ്യമന്ത്രിയുടെ ചേംബറിൽ നടന്ന യോഗത്തിൽ കൃഷി വകുപ്പ് മന്ത്രി ടി സിദ്ദിഖ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി അനൂപ് ജേക്കബ്, സഹകരണ വകുപ്പ് മന്ത്രി എം ലിജു, ചീഫ് സെക്രട്ടറി ഡോ. എ ജയതിലക്, വകുപ്പ് സെക്രട്ടറിമാർ, ബാങ്ക് പ്രതിനിധികൾ, ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ബാങ്ക് പ്രതിനിധികളുമായുള്ള ചർച്ചയിൽ മുഖ്യമന്ത്രി വി ഡി സതീശൻ സംസാരിക്കുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

ലഹരി മാഫിയയ്ക്കെതിരെ സംസ്ഥാനവ്യാപക പോരാട്ടം; 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിക്ക് തുടക്കമായി

സംസ്ഥാനത്തെ മയക്കുമരുന്ന് ശൃംഖലയെ തകർക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച ലഹരി പ്രതിരോധ കർമ്മപദ്ധതിയായ 'ഓപ്പറേഷൻ തൂഫാൻ' പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ നിർവഹിച്ച മുഖ്യമന്ത്രി വി.ഡി. സതീശൻ ലഹരി മാഫിയയെ കേരളത്തിൽ നിന്ന് തുരത്താൻ സമൂഹം ഒറ്റക്കെട്ടായി മുന്നോട്ടുവരണമെന്ന് ആഹ്വാനം ചെയ്തു.

ഓപ്പറേഷൻ തൂഫാൻ കെയർ പദ്ധതി ലോഗോ മന്ത്രി രമേശ് ചെന്നിത്തല പ്രകാശനം ചെയ്യുന്നു

നാടിന്റെ ഏറ്റവും വലിയ സമ്പത്തായ യുവതലമുറയെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന മയക്കുമരുന്ന് മാഫിയയ്ക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം ആവശ്യമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിൽ രാജ്യത്തിന് മാതൃകയായ കേരളം മയക്കുമരുന്ന് വ്യാപനത്തിന്റെ വെല്ലുവിളി നേരിടേണ്ടി വരുന്നത് അതീവ ദൗർഭാഗ്യകരമാണ്. മയക്കുമരുന്നിന്റെ സ്വാധീനത്തിൽ കുറ്റകൃത്യങ്ങളുടെ സ്വഭാവം കൂടുതൽ ക്രൂരമാവുകയാണ്. ലഹരി ഉപയോഗം കുടുംബബന്ധങ്ങളെപ്പോലും തകർക്കുന്ന സംഭവങ്ങൾ വർധിക്കുന്നതും ആശങ്കാജനകമാണ്. സംസ്ഥാനത്തെ ജനസംഖ്യയിൽ വലിയൊരു വിഭാഗം യുവജനതയാണെന്നും കേരളത്തിന്റെ ഭാവി പുരോഗതിക്ക് കരുത്താകേണ്ട ഈ യുവത്വത്തെയാണ് ലഹരി മാഫിയ ലക്ഷ്യമിടുന്നതെന്നും അതിൽ ജാഗ്രത വേണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ എൻഫോഴ്സ്മെന്റും ബോധവത്കരണവും കേന്ദ്രീകരിച്ചാണ് 'ഓപ്പറേഷൻ തൂഫാൻ' നടപ്പാക്കുന്നത്. പോലീസും എക്സൈസും ലഹരിക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുമെന്നും ഈ പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ പൂർണ പിന്തുണ ഉണ്ടാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു. അതോടൊപ്പം, കുട്ടികളിലും യുവാക്കളിലും ലഹരിയുടെ ദോഷഫലങ്ങളെക്കുറിച്ച് വ്യാപകമായ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ലഹരി നിർമാർജനം സർക്കാർ സംവിധാനങ്ങളുടെ മാത്രം ഉത്തരവാദിത്തമല്ലെന്നും അധ്യാപകർ, രക്ഷിതാക്കൾ, തദ്ദേശ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ ഉൾപ്പെടെ സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളും ഈ ദൗത്യത്തിൽ പങ്കാളികളാകണമെന്നും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. നമ്മുടെ കുട്ടികളെ ലഹരി മാഫിയയ്ക്ക് വിട്ടുകൊടുക്കില്ലെന്ന ഉറച്ച നിലപാടോടെയാണ് ഈ പോരാട്ടം മുന്നോട്ടുകൊണ്ടുപോകേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

ഓപ്പറേഷൻ തൂഫാൻ പദ്ധതിക്ക് നേതൃത്വം നൽകിയ ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തലയെയും പോലീസ്, എക്സൈസ് സേനകളേയും മുഖ്യമന്ത്രി അഭിനന്ദിച്ചു.

മയക്കുമരുന്ന് ശൃംഖലയുടെ വേരറുക്കുമെന്നും മയക്കുമരുന്ന് ഇടപാടുകാർക്കെതിരെ യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത 'നോ എക്സ്ക്യൂസസ്' നിലപാടായിരിക്കും പോലീസ് സ്വീകരിക്കുകയെന്നും ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. വരും തലമുറയ്ക്ക് വേണ്ടിയുള്ള ഈ പദ്ധതി എക്സൈസ്, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകൾ സംയുക്തമായാണ് നടപ്പാക്കുന്നത്. ഓപ്പറേഷൻ തൂഫാന്റെ നോഡൽ ഓഫീസറായി ഐ.ജി ഇന്റലിജൻസ് പൂട്ട വിമലാദിത്യയെയാണ് നിയമിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നാർക്കോട്ടിക് സെല്ലും, ക്രൈം ബ്രാഞ്ചും ഉൾപ്പെടെയുള്ള പോലീസ് സംവിധാനം ജില്ലാതലങ്ങളിൽ ഊർജ്ജസ്വലമായി പ്രവർത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

മയക്കുമരുന്ന് വിൽപന ക്കാരോട് ഈ കച്ചവടം അവസാനിപ്പിക്കണമെന്നും, അല്ലാത്തപക്ഷം നിയമത്തിന്റെ കരങ്ങൾ അവരെ തേടിയെത്തുമെന്നും മന്ത്രി രമേശ് ചെന്നിത്തല മുന്നറിയിപ്പ് നൽകി. മയക്കുമരുന്ന് മാഫിയയെ സഹായിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടിയുണ്ടാകും. ഡാർക്ക് വെബ് വഴിയുള്ള മയക്കുമരുന്ന് ഇടപാടുകൾ കണ്ടെത്താൻ സൈബർ സെല്ലിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ഫൈവ് സ്റ്റാർ ഹോട്ടലുകളിലും ഡി.ജെ പാർട്ടികളിലുമുള്ള മയക്കുമരുന്ന് ഉപയോഗവും വിതരണവും കർശനമായി തടയുകയും, അവരുടെ അന്തർസംസ്ഥാന ബന്ധങ്ങൾ തകർക്കുകയും ചെയ്യും. മയക്കുമരുന്ന് സംബന്ധിച്ച വിവരങ്ങൾ നൽകുന്നവർക്ക് പോലീസ് പൂർണ്ണ സംരക്ഷണം നൽകുമെന്നും, അവരുടെ പേരുവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ ലോഗോ മുഖ്യമന്ത്രി പ്രകാശനം ചെയ്തു. പോലീസ് മീഡിയ സെന്റർ നിർമ്മിച്ച ബോധവൽക്കരണ അനിമേഷൻ ചിത്രവും തൂഫാൻ കെയർ പദ്ധതി ലോഗോയും ആഭ്യന്തര മന്ത്രി പ്രകാശനം ചെയ്തു. മന്ത്രി എൻ. ഷംസുദീൻ തൂഫാൻ അംബാസഡർമാരായ വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ ഫ്ലാഗ് കൈമാറി. മന്ത്രിമാരായ എം. ലിജു, സി.പി. ജോൺ, ശശി തരൂർ എം പി എന്നിവർ പദ്ധതിക്ക് ആശംസ അറിയിച്ചു. സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്രശേഖർ സ്വാഗതം ആശംസിച്ച ചടങ്ങിൽ എഡിജിപി എച്ച് വെങ്കിടേഷ് നന്ദി പറഞ്ഞു.

കൊച്ചിയിൽ പെൺകുട്ടികൾക്ക് നേരെയുണ്ടായ ആക്രമണം; മൂന്ന് പേർ പിടിയിൽ

കൊച്ചി: കലൂരിൽ നടന്നുപോകുകയായിരുന്ന പെൺകുട്ടികളെ യുവാക്കൾ മർദിച്ച സംഭവത്തിൽ മൂന്ന് പേർ പിടിയിൽ. സംഭവത്തിലെ മുഖ്യപ്രതി പാലക്കാട് സ്വദേശിയാണെന്ന് അന്വേഷണ സംഘം കണ്ടെത്തിയിട്ടുണ്ട്.

കലൂർ ചക്കാലപ്പാടം റോഡിൽ ഇന്ന് പുലർച്ചെ 4.30 ഓടെയായിരുന്നു സംഭവം. ജോലി കഴിഞ്ഞ് മടങ്ങുകയായിരുന്ന പെൺകുട്ടികളാണ് മർദനത്തിന് ഇരയായത്. സംഭവത്തിൽ ഗുരുതരമായി പരിക്കേറ്റ ഒരു പെൺകുട്ടി എറണാകുളം ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്.

പാർട്ട്ടൈം ആയി ജോലി ചെയ്യുന്ന പെൺകുട്ടികൾ പുലർച്ചെ റൂമിലേക്ക് നടന്നുപോകുമ്പോഴാണ് വഴിയിൽ തങ്ങിനിന്ന സംഘം ലൈംഗികച്ചുവയോടെ സംസാരിക്കുകയും അശ്ലീല പരാമർശങ്ങൾ നടത്തുകയും ചെയ്തത്. ഇത് ചോദ്യം ചെയ്ത പെൺകുട്ടികൾ അക്രമികളുടെ ദൃശ്യങ്ങൾ മൊബൈൽ ഫോണിൽ പകർത്താൻ ശ്രമിച്ചു.

ഇതോടെ അക്രമിസംഘം പെൺകുട്ടിയുടെ കൈ തിരിച്ചുപിടിച്ച് ഫോൺ തട്ടിയെടുത്ത് നിലത്തടിച്ചുടച്ചു. തുടർന്ന് പെൺകുട്ടികളിൽ ഒരാളുടെ മുടിയിൽ കുത്തിപ്പിടിച്ച് റോഡിലൂടെ വലിച്ചിഴയ്ക്കുകയും നെഞ്ചിലും വയറിലും ബൂട്സിട്ട് ചവിട്ടുകയും ചെയ്തു. ആക്രമണത്തിനിടെ പോൺകുട്ടികളുടെ

വസ്ത്രം വലിച്ചുകീറാനും ശ്രമമുണ്ടായിരുന്നു.

അതേസമയം ആശുപത്രിയിൽ പെൺകുട്ടിയുടെ മൊഴിയെടുക്കാൻ എത്തിയ പോലീസ് ഉദ്യോഗസ്ഥരിൽ ഒരാളുടെ പെരുമാറ്റം ബുദ്ധിമുട്ടുണ്ടാക്കിയെന്നും പരാതിയുണ്ട്. പുലർച്ചെ പുറത്തുപോയത് എന്തിനാണെന്നും ധരിച്ച വസ്ത്രത്തെക്കുറിച്ചുമാണ് പോലീസ് ചോദിച്ചതെന്നും പെൺകുട്ടിയുടെ സുഹൃത്ത് പറഞ്ഞു.

സണ്ണി ജോസഫിൻെറ പേഴ്സണൽ സ്റ്റാഫിൽ അടുത്ത ബന്ധുവിന് ഉയർന്ന നിയമനം

തിരുവനന്തപുരം: രാഷ്ട്രീയ വൃത്തങ്ങളിലും ജനങ്ങൾക്കിടയിലും പുതിയ ചർച്ചകൾക്ക് വഴിവെച്ചുകൊണ്ട് സണ്ണി ജോസഫിൻറെ പേഴ്സണൽ സ്റ്റാഫിൽ അടുത്ത ബന്ധുവിന് ഉയർന്ന നിയമനം. സ്വന്തം സഹോദരീ ഭർത്താവിനെയാണ് അദ്ദേഹം അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി നിയമിച്ചിരിക്കുന്നത്.

പൊതുരംഗത്തെ പ്രമുഖരുടെ പേഴ്സണൽ സ്റ്റാഫ് നിയമനങ്ങൾ എപ്പോഴും വലിയ തോതിൽ നിരീക്ഷിക്കപ്പെടാറുള്ള പശ്ചാത്തലത്തിലാണ് ഈ പുതിയ നിയമന വാർത്ത പുറത്തുവരുന്നത്.

യോഗ്യതയും പരിചയസമ്പത്തും മാനദണ്ഡമാക്കിയാണ് നിയമനം എന്ന് അനുകൂലിക്കുന്നവർ വ്യക്തമാക്കുമ്പോഴും, അടുത്ത ബന്ധുവിന് തന്നെ ഉയർന്ന പദവി നൽകിയതിനെതിരെ രാഷ്ട്രീയ വൃത്തങ്ങളിൽ നിന്നും അല്ലാതെയും വിമർശനങ്ങൾ ഉയർന്നു തുടങ്ങിയിട്ടുണ്ട്. ഈ നിയമനം വരും ദിവസങ്ങളിൽ കൂടുതൽ രാഷ്ട്രീയ ചർച്ചകൾക്ക് കാരണമായേക്കും.

'ഇസ്രയേൽ ആക്രമണങ്ങളിലെ മോദിയുടെ മൗനത്തിനെതിരെ കോൺഗ്രസ്

ന്യൂഡൽഹി: പശ്ചിമേഷ്യൻ യുദ്ധം അവസാനിപ്പിക്കാനുള്ള സമാധാന ചർച്ചകളെ അട്ടിമറിച്ചുകൊണ്ട് ലെബനനിൽ ഇസ്രയേൽ നടത്തുന്ന മാരകമായ സൈനിക അധിനിവേശങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പുലർത്തുന്ന മൗനത്തെ ചോദ്യം ചെയ്ത് കോൺഗ്രസ്. പ്രധാനമന്ത്രിക്ക് സ്വന്തം മാതൃരാജ്യത്തേക്കാൾ വലുതാണോ അദ്ദേഹത്തിൻറെ 'പിതൃഭൂമി' (ഫാദർലാൻഡ്) എന്ന് കോൺഗ്രസ് പരിഹസിച്ചു.അമേരിക്കയും ഇറാനും തമ്മിലുള്ള ചർച്ചകൾ വിജയിച്ചാൽ ഹോർമുസ് കടലിടുക്ക് തുറക്കപ്പെടുകയും ഇന്ധനവില കുറയുകയും ചെയ്യും. ഇത് ഇന്ത്യയുടെ സാമ്പത്തിക താത്പര്യങ്ങൾക്ക് അത്യന്തം അനിവാര്യമാണ്. എന്നാൽ ഇസ്രയേലിൻറെ ഏകപക്ഷീയമായ ആക്രമണങ്ങൾ കാരണം ഈ ചർച്ചകൾ പ്രതിസന്ധിയിലാണ്.ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനോട് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ് പോലും കടുത്ത ഭാഷയിൽ അമർഷം രേഖപ്പെടുത്തുകയും ലോകരാഷ്ട്രങ്ങൾ അധിനിവേശത്തെ അപലപിക്കുകയും ചെയ്യുമ്പോഴും ഇന്ത്യൻ പ്രധാനമന്ത്രി മൗനം തുടരുന്നതാണ് കോൺഗ്രസ് രാഷ്ട്രീയ ആയുധമാക്കുന്നത്.ഇന്ത്യയുടെ സാമ്പത്തിക ഭദ്രത തകർക്കുന്ന ഇസ്രയേൽ നിലപാടിനെ മോദി പിന്തുണയ്ക്കുന്നത് എന്തിനാണെന്നും പ്രതിപക്ഷം ചോദിക്കുന്നു.

'കഞ്ചാവ് വലിക്കുന്നതൊക്കെ തെറ്റല്ലേ സാറേ'; ചട്നി അരയ്ക്കാനും പാലിൽ ചേർത്ത് കുടിക്കാനും ടെക്കിയുടെ കഞ്ചാവ് തോട്ടം

തിരുവനന്തപുരം: ശ്രീകാര്യത്ത് ഫ്ലാറ്റിനുള്ളിൽ കഞ്ചാവ് കൃഷി ചെയ്ത ഹരിയാന സ്വദേശി പിടിയിൽ.ടെക്നോപാർക്കിലെ ഐടി കമ്പനിയിൽ മാനേജർ ആയി ജോലി നോക്കുന്ന വിശാൽ (26) ആണ് പിടിയിലായത്. 70ഓളം കഞ്ചാവ് ചെടികളാണ് ഇയാളുടെ ഫ്ലാറ്റിൽ നിന്ന് കണ്ടെത്തിയത്.ചെടിച്ചട്ടികളിലും മുട്ട വാങ്ങുന്ന കവറുകളിലും ചെറിയ പാത്രങ്ങളിലുമായാണ് ഇയാൾ ഫ്ലാറ്റിനുള്ളിൽ കഞ്ചാവ് നട്ടുവളർത്തിയത്. ചട്നി അരയ്ക്കാനും പാലിൽ ചേർത്ത് കുടിക്കാനുമായാണ് കഞ്ചാവ് ചെടികൾ വളർത്തിയിരുന്നതെന്നാണ് പ്രതിയുടെ മൊഴി.ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി ലഭിച്ച വിവരത്തിൽ ഫ്ലാറ്റിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് കൃഷി കണ്ടെത്തിയത്. പ്രതിമാസം ഒന്നര ലക്ഷത്തോളം രൂപ ശമ്പളമുണ്ട് വിശാലിന്. കഞ്ചാവ് വിറ്റ് പണമുണ്ടാക്കുക എന്ന ലക്ഷ്യം പ്രതിക്കുണ്ടായിരുന്നില്ലെന്നാണ് പ്രാഥമിക നിഗമനം.

സ്വന്തം ആവശ്യത്തിനാണ് ഇയാൾ ഫ്ലാറ്റിൽ കഞ്ചാവ് കൃഷി ചെയ്തിരുന്നത്. കഞ്ചാവ് ചെടിയുടെ ഇലകൾ അരച്ച് പാലിൽ ചേർത്ത് കുടിക്കുന്നതാണ് ഇയാളുടെ പ്രധാന രീതി. ഇതിനുപുറമേ ഇലകൾ ചേർത്ത ചമ്മന്തിയും പതിവായി ഉപയോഗിച്ചിരുന്നതായി പോലീസ് വ്യക്തമാക്കി.

ഫ്ലാറ്റിനുള്ളിൽ വളർത്തിയിരുന്ന കഞ്ചാവ് ചെടികൾക്ക് പ്രതി രാസവളം ഉപയോഗിച്ചിരുന്നില്ലെന്നും പൂർണമായും ജൈവവളം മാത്രമാണ് ഉപയോഗിച്ചിരുന്നതെന്നും മൊഴി നൽകിയിട്ടുണ്ട്.

തമിഴ്നാട് ബിജെപിയിൽ രാഷ്ട്രീയ ഭൂകമ്പം; അണ്ണാമലൈ രാജിക്കത്ത് നൽകിയതായി സൂചന

ന്യൂഡൽഹി: തമിഴ്നാട് രാഷ്ട്രീയത്തെ പിടിച്ചുലച്ചുകൊണ്ട് മുൻ ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. അണ്ണാമലൈ പാർട്ടിയിൽ നിന്നും രാജിവെച്ചതായി സൂചന. ബിജെപി ദേശീയ അധ്യക്ഷൻ നിതിൻ നബിനുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് അണ്ണാമലൈ രാജിക്കത്ത് കൈമാറിയതായുള്ള റിപ്പോർട്ടുകൾ. വൈകിട്ട് നാല് മണിക്ക് അദ്ദേഹം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുമായി കൂടിക്കാഴ്ച നടത്തുമെന്നാണ് വിവരം. അമിത് ഷായുമായുള്ള കൂടിക്കാഴ്ചയ്ക്ക് പിന്നാലെ അന്തിമ തീരുമാനം അണ്ണാമലൈ പ്രഖ്യാപിച്ചേക്കും.

തമിഴ്നാട് ബിജെപി അധ്യക്ഷ സ്ഥാനത്തുനിന്ന് മാറ്റി പകരം നൈനാർ നാഗേന്ദ്രനെ നിയമിച്ചതു മുതൽ അണ്ണാമലൈ പാർട്ടിയിൽ സജീവമായിരുന്നില്ല. ബിജെപിയിൽ തനിക്ക് ഇനി ഭാവിയില്ലെന്ന് വിലയിരുത്തിയ അദ്ദേഹം, സൗഹാർദപരമായ അന്തരീക്ഷത്തിൽ പാർട്ടി വിടാനുള്ള താല്പര്യം ദേശീയ അധ്യക്ഷൻ നിതിൻ നബിനെയും ഓർഗനൈസേഷൻ സെക്രട്ടറി ബി.എൽ. സന്തോഷിനെയും അറിയിക്കുകയായിരുന്നു. സ്വന്തം വഴി തെരഞ്ഞെടുക്കാൻ സമയമായെന്നാണ് മുൻ ഐപിഎസ് ഓഫീസർ കൂടിയായ അണ്ണാമലൈ നേതൃത്വത്തോട് വ്യക്തമാക്കിയത്.

എന്നാൽ, അദ്ദേഹത്തെ പാർട്ടിയിൽ നിലനിർത്താൻ ദേശീയ നേതൃത്വം ഇപ്പോഴും ശ്രമിക്കുന്നുണ്ടെന്നും ദേശീയ തലത്തിൽ വലിയ പദവികൾ വാഗ്ദാനം ചെയ്തേക്കുമെന്നും സൂചനയുണ്ട്. അടുത്ത നിർദേശം ഉണ്ടാകുന്നതുവരെ ഡൽഹിയിൽ തുടരാൻ അണ്ണാമലൈയോട് ബിജെപി നേതൃത്വം ആവശ്യപ്പെട്ടിട്ടുണ്ട്. സിനിമയിൽ നിന്ന് രാഷ്ട്രീയത്തിലെത്തി വിജയ് തമിഴ്നാട് മുഖ്യമന്ത്രിയായതിന് പിന്നാലെ അണ്ണാമലൈയുടെ ഈ പിന്മാറ്റം തമിഴക രാഷ്ട്രീയത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിവെച്ചേക്കും.

ശുചിമുറിയിലൂടെ കുഞ്ഞിനെ വലിച്ചെറിഞ്ഞ അമ്മയ്ക്ക് മാനസാന്തരം; കുഞ്ഞിനെ തിരികെ വേണമെന്ന് ആവശ്യം

ആലപ്പുഴ: ആശുപത്രിയിലെ ശുചിമുറിയിലൂടെ നവജാത ശിശുവിനെ വലിച്ചെറിഞ്ഞ പെൺകുട്ടിയ്ക്ക് കുഞ്ഞിനെ തിരികെ വേണമെന്ന് ആവശ്യം. കുഞ്ഞിനെ തനിക്ക് തിരികെ വേണമെന്ന് പെൺകുട്ടി ചൈൽഡ് വെൽഫെയർ കമ്മിറ്റി അധികൃതരോട് ആവശ്യപ്പെട്ടു. ചൈൽഡ് വെൽഫെയർ കമ്മിറ്റി അധികൃതർ കുട്ടിയെ ഏറ്റെടുക്കുന്നതിനായി വണ്ടാനം മെഡിക്കൽ കോളജ് ആശുപത്രിയിൽ എത്തിയപ്പോഴാണ് പെൺകുട്ടി ആവശ്യവുമായെത്തിയത്. പ്രസവിച്ച ആദ്യ ദിനങ്ങളിൽ കുഞ്ഞിനെ വേണ്ട എന്ന നിലപാടിലായിരുന്നു പെൺകുട്ടി.

കുഞ്ഞിനെ കൊലപ്പെടുത്താൻ ശ്രമിച്ച അമ്മയ്ക്കൊപ്പം കുഞ്ഞിനെ വിടുന്നതിൽ സാങ്കേതിക തടസങ്ങളുണ്ടെന്നാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി അറിയിച്ചത്. തുടർന്ന് കുഞ്ഞിനെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ദത്തെടുക്കൽ കേന്ദ്രമായ മണ്ണഞ്ചേരി ശിശുവികാസം ഭവനിലേക്ക് മാറ്റിയിട്ടുണ്ട്.

ആദ്യ ദിവസങ്ങളിൽ ചൈൽഡ് ലൈൻ കൗൺസിലർമാരോട് പെൺകുട്ടി സഹകരിച്ചിരുന്നില്ല. എന്നാൽ തുടർച്ചയായ കൗൺസലിംഗിന് ഒടുവിൽ കാര്യങ്ങൾ വിശദമായി സംസാരിക്കുകയും കുഞ്ഞിനെ തിരികെ വേണമെന്ന നിലപാടിലേക്ക് എത്തുകയുമായിരുന്നു.

മനസിൽ മനുസ്മൃതി ആയതുകൊണ്ടാണോ മനുഷ്യരെ തൊടാത്തത്; വി.മുരളീധരനെതിരെ എ.എ.റഹീം

തിരുവനന്തപുരം: പ്രവേശനോത്സവത്തിനിടെ കട്ടേല ട്രൈബൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്ക് വി.മുരളീധരൻ എംഎൽഎ മിഠായി വിതരണം ചെയ്ത രീതിക്കെതിരെ രൂക്ഷ വിമർശനവുമായി എ.എ.റഹീം എംപി. മിഠായി എറിഞ്ഞു കൊടുത്ത സംഭവത്തിൽ എംഎൽഎ നിരുപാധികം മാപ്പ് പറയണമെന്ന് റഹീം ഫേസ്ബുക്കിൽ കുറിച്ചു.'നീട്ടിയ കൈകളിലേക്ക് ഒരു മിഠായി കൈമാറിയാൽ തകർന്നുവീഴുന്ന ഒരു ഗോപുരവും ഇവിടെയില്ല മിസ്റ്റർ എംഎൽഎ' എന്ന് പറഞ്ഞുകൊണ്ടാണ് റഹീമിൻറെ കുറിപ്പ് തുടങ്ങുന്നത്. മനസിൽ മനുസ്മൃതി ആയത് കൊണ്ടാണോ മനുഷ്യരെ തൊടാത്തതെന്നും റഹീം ചോദിച്ചു.കുരുന്നുകളോട് ഇങ്ങനെ പെരുമാറാൻ അയിത്തം ആഘോഷമാക്കുന്നവർക്കേ സാധിക്കൂ. മനുസ്മൃതി അല്ല, അംബേദ്കറും ഭരണഘടനയുമാണ് ആ കുഞ്ഞുങ്ങളുടെ വഴിവിളക്കെന്നും പോസ്റ്റിൽ പറയുന്നു.പ്രവേശനോത്സവത്തിനിടെ കുട്ടികളുടെ കൈയിൽ മിഠായി നൽകാതെ കവറിൽ നിന്നും മേശപ്പുറത്തേക്ക് ഇട്ടു കൊടുക്കുത്ത വീഡിയോ പുറത്തുവന്നതിന് പിന്നാലെ സാമൂഹിക മാധ്യമങ്ങളിൽ എംഎൽഎക്കെതിരെ കടുത്ത വിമർശനം ഉയർന്നിരുന്നു. സംഭവത്തിൽ വി.മുരളീധരനെതിരെ മുൻ മന്ത്രി വി ശിവൻകുട്ടിയും രംഗത്തെത്തിയിരുന്നു.

അഷ്കറിൻെറ ആദ്യ ഭാര്യയെ സന്ദർശിച്ച് മന്ത്രി ബിന്ദു കൃഷ്ണ

തിരുവനന്തപുരം: നെടുമങ്ങാട് ഒന്നര വയസുകാരനെ ക്രൂരമായി കൊലപ്പെടുത്തിയ കേസിലെ പ്രതി അഷ്കറിൻറെ ആദ്യ ഭാര്യ ആമിനയെ മെഡിക്കൽ കോളജ് ആശുപത്രിയിൽ സന്ദർശിച്ച് മന്ത്രി ബിന്ദു കൃഷ്ണ.അഷ്കറിനെതിരെ നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ ആറ് പരാതികൾ നൽകിയിട്ടും കേസ് എടുത്തിരുന്നില്ല. നടപടികൾ എടുക്കാത്ത പോലീസുകാരെ കുറിച്ച് ആഭ്യന്തരമന്ത്രിക്ക് റിപ്പോർട്ട് നൽകും. ചികിത്സാ ചെലവിൻറെ കാര്യം മുഖ്യമന്ത്രിയുമായി ആലോചിച്ചു തീരുമാനിക്കുമെന്നും ബിന്ദു കൃഷ്ണ പറഞ്ഞു.ആമിനയെ അഷ്കറിൻറെ വീട്ടുകാരും മർദിച്ചിരുന്നതായി പിതാവ് ശിഹാബ് പറഞ്ഞു. മകൻെറ മരണത്തിൽ അഷ്കറിനെ സംശയമുണ്ടെന്നും ആരോപിച്ചു. സർക്കാരിൻെറ സഹായം വേണമെന്നും പിതാവ് പറഞ്ഞു.മകനെ സ്കൂളിൽ ചെന്ന് അഷ്കർ ഭീഷണിപ്പെടുത്തിയിരുന്നു. സ്വത്ത് എഴുതി വാങ്ങാനായാണ് ആമിനയെ മർദിച്ചത്. ആറ് മാസം മുൻപ് നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ പരാതി നൽകി. സിഐ നടപടി ഒന്നും എടുത്തില്ല. മന്ത്രി നൽകിയ ഉറപ്പുകൾ തൃപ്തികരമാണെന്നും സർക്കാരിൻറെ സഹായം വേണമെന്നും പിതാവ് ശിഹാബ് പറഞ്ഞു.

കേരള കർഷകൻ മാസിക പുതിയ പതിപ്പ് മുഖ്യമന്ത്രി വി ഡി സതീശൻ പ്രകാശനം ചെയ്യുന്നു. മന്ത്രി ടി സിദ്ധിഖ് സമീപം